21
2024
സെപ്റ്റംബർ
ശനി
കന്നി 5

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391






തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.270 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-270 പേജ് 4. വില 2.00 രൂപ



02 3.16 ലക്ഷം കുടുംബശ്രീ ജെൻഡർ പോയിന്റ് പേഴ്സൺമാർ സജ്ജമാകുന്നു

03 14 വയസുകാരി പൂർണ ഗർഭിണി; ബന്ധുവിനെതിരെ കേസെടുക്കും


04 കേരളത്തിൽ ഒരു മിനിറ്റ് കൊണ്ട് വ്യവസായ സംരംഭങ്ങൾ തുടങ്ങാനാകും


# ശശീന്ദ്രൻ ഒഴിയും തോമസ് കെ. തോമസ് മന്ത്രിയാകും

തിരുവനന്തപുരം: മന്ത്രി എ.കെ. ശശീന്ദ്രൻ മന്ത്രിസ്ഥാനം ഒഴിഞ്ഞേക്കുമെന്ന് റിപ്പോർട്ടുകൾ. എ.കെ. ശശീന്ദ്രന് പകരം കുട്ടനാട് എം.എൽ.എ. തോമസ് കെ. തോമസ് പുതിയ മന്ത്രിയാകുമെന്നാണ് വിവരം. മന്ത്രിമാറ്റത്തിന് അനുകൂലമായി എൻ.സി.പി. ദേശീയ നേതൃത്വം നിലപാടെടുത്തതോടെയാണ് ശശീന്ദ്രന് സ്ഥാനം ഒഴിയേണ്ടത് അനിവാര്യമായത്.

മന്ത്രിയെ മാറ്റണമെന്ന കാര്യത്തിൽ പാർട്ടിക്ക് അകത്തും ശശീന്ദ്രന് പിന്തുണ ഇല്ലാതെവന്നിരുന്നു. ജില്ലാ കമ്മിറ്റികളും തോമസ് കെ. തോമസ് മന്ത്രിയാകണമെന്ന അഭിപ്രായത്തിലാണ്.





പാർട്ടി സംസ്ഥാന അധ്യക്ഷൻ പി.സി ചാക്കോയുടെ പിന്തുണയും തോമസ് കെ. തോമസിനാണ്. വിഷയത്തിൽ മുഖ്യമന്ത്രിയുടെ നിലപാട് നിർണായകമാകും. ഒരാഴ്ചയക്കകം തീരുമാനമുണ്ടായേക്കും. നിലവിൽ ചെന്നൈയിൽ ഉള്ള മുഖ്യമന്ത്രി തിരികെ വരുന്നതോടെ തീരുമാനം ഉണ്ടാകും.

എ.കെ. ശശീന്ദ്രൻ, തോമസ്. കെ. തോമസ്, പി.സി. ചാക്കോ, ശരദ് പവാർ എന്നിവർ ചേർന്ന് വെള്ളിയാഴ്ച ചർച്ച നടത്തിയിരുന്നു. എന്നാൽ, ഈ ചർച്ചയിലും സമവായമായിട്ടില്ല എന്നാണ് പുറത്തുവരുന്ന റിപ്പോർട്ട്. ഇതോടെ വിഷയത്തിൽ അന്തിമതീരുമാനം ശരദ് പവാറിന്റേതാകും. അതേസമയം, മന്ത്രിസ്ഥാനത്തുനിന്ന് മാറ്റിയാൽ എം.എൽ.എ. സ്ഥാനം രാജിവയ്ക്കുമെന്ന നിലപാടിലാണ് എ.കെ. ശശീന്ദ്രനെന്ന് നേരത്തെ സൂചനകളുണ്ടായിരുന്നു.

എൻ.സി.പി.യിലെ രണ്ട് എം.എൽ.എ.മാരും രണ്ടര വർഷംവീതം മന്ത്രിസ്ഥാനം പങ്കിടണമെന്ന് 2021ലെ തിരഞ്ഞെടുപ്പിനുശേഷം തോമസ് കെ. തോമസ് ആവശ്യപ്പെട്ടെങ്കിലും അംഗീകരിക്കപ്പെട്ടിരുന്നില്ല. അതിനിടെ, കോൺഗ്രസിൽ നിന്ന് പി.സി. ചാക്കോയെത്തി എൻ.സി.പി. സംസ്ഥാന പ്രസിഡന്റായി. മന്ത്രിസ്ഥാനം പങ്കുവെക്കുന്നതിനെക്കുറിച്ച് കരാറൊന്നുമില്ലെന്നായിരുന്നു നേരത്തെ ചാക്കോയുടെ നിലപാട്. എന്നാൽ, ഇക്കാര്യത്തിൽ തോമസ് കെ തോമസ് അസംതൃപ്തനായിരുന്നു. തദ്ദേശതിരഞ്ഞെടുപ്പ് വരുന്ന ഘട്ടത്തിൽ വഴക്കുമായി മുന്നോട്ടുപോകാനാകില്ലെന്ന ചിന്തയിലാണ് മന്ത്രിമാറ്റത്തിന് പി.സി. ചാക്കോ തീരുമാനിച്ചതെന്നും റിപ്പോർട്ടുകളുണ്ട്.

## മലയാളത്തിന്റെ പൊന്നമ്മ ഇനി ഓർമ



വാത്സല്യം തുളുമ്പുന്ന, പരിഭവം കാട്ടുന്ന, ചെറു തല്ലുകൾ തന്നു ശാസിക്കുന്ന ഒരു അമ്മ. മലയാള സിനിമയിലെ അമ്മ വേഷങ്ങളെ ഇത്രയധികം തന്മയത്വത്തോടെ അവതരിപ്പിച്ച ചുരുക്കം ചിലരിൽ ഒരാൾ. കവിയൂർ പൊന്നമ്മ ഓർമയാകുമ്പോൾ മലയാളത്തിനു നഷ്ടമാകുന്നത് അത്തരം അഭിനയധാരകളാണ്.

മുൻ നിര നായകന്മാർക്കൊപ്പം ഇക്കാലായളവിൽ പൊന്നമ്മ അഭിനയിച്ചു പാകപ്പെടുത്തിയ വേഷങ്ങൾ അത്രയധികം. വീട്ടിലെ ഒരു അംഗത്തെപോലെ മലയാളിയുടെ മനസിലേക്ക് ചേക്കേറിയ നടിയാണ് കവിയൂർ പൊന്നമ്മ.

നിരവധി സിനിമകളിൽ അഭിനയിച്ച പൊന്നമ്മ ഗായികയായാണ് കലാജീവിതം ആരംഭിച്ചത്. പാട്ടുകാരിയാകണം എന്നായിരുന്നു പൊന്നമ്മയുടെ ആഗ്രഹം. 12 ആം വയസിൽ ദേവരാജൻ മാസ്റ്ററിലൂടെ ആ ആഗ്രഹം പൊന്നമ്മയെ തേടിയെത്തി. തോപ്പിൽ ഭാസിയുടെ മൂലധനം എന്ന നാടകത്തിൽ ആദ്യമായി പാടി.

പിന്നീട് അതേ നാടകത്തിൽ അഭിനയിക്കാൻ ആളില്ലാതെ വന്നപ്പോൾ ഭാസിയുടെ നിർബന്ധത്തിൽ നായികയായി. പിന്നീട് കെപിഎസിയുടെ നാടകങ്ങളിൽ പൊന്നമ്മ ഒഴിച്ചുനിർത്താനാകാത്ത സാന്നിധ്യമായി മാറി. പതിനാലാം വയസിൽ, കാളിദാസ കലാകേന്ദ്രത്തിലെ നൃത്ത അധ്യാപകൻ തങ്കപ്പൻ മാസ്റ്ററുടെ നിർബന്ധത്തിലാണ് ആദ്യ സിനിമയിൽ വേഷമിട്ടത്.

1962ൽ ശ്രീരാമ പട്ടാഭിഷേകം എന്ന സിനിമയിലാണ് കവിയൂർ പൊന്നമ്മ ആദ്യമായി അഭിനയിച്ചത്.

## പൂരം കലക്കൽ; അന്വേഷണമില്ലെന്ന മറുപടി ഞെട്ടിക്കുന്നതെന്ന് സുനിൽകുമാർ

തൃശൂർ: പൂരം അലങ്കോലപ്പെട്ട സംഭവത്തിൽ നാലു മാസത്തിനുശേഷവും അന്വേഷണമില്ലെന്ന രീതിയിൽ പോലീസ് ആസ്ഥാനത്തുനിന്നു ലഭിച്ച വിവരാവകാശ മറുപടി ഞെട്ടിക്കുന്നതാണെന്ന് സിപിഐ നേതാവും തൃശൂർ ലോക്സഭ മണ്ഡലത്തിലെ ഇടതുപക്ഷ സ്ഥാനാർഥിയുമായിരുന്ന വി.എസ്. സുനിൽകുമാർ.

പൂരം കലക്കിയത് സംബന്ധിച്ച് അന്വേഷണമേ ഉണ്ടായിട്ടില്ല എന്ന വിവരാവകാശ റിപ്പോർട്ട് അംഗീകരിക്കാനാവില്ല. പോലീസ് ആസ്ഥാനത്തുനിന്നു കൊടുത്ത മറുപടി ഞെട്ടലുണ്ടാക്കുന്നതാണ്. ജനങ്ങളെ വിഡ്ഢികളാക്കുന്ന മറുപടിയാണത്.

പൂരം അലങ്കോലമാക്കിയതിനു പിന്നിൽ ആരൊക്കെയാണെന്നറിയാൻ ചീഫ് സെക്രട്ടറിക്കും ഡിജിപിക്കും വിവരാവകാശ അപേക്ഷ നൽകുമെന്നും സുനിൽകുമാർ പറഞ്ഞു. പൂരംകലക്കിയത് യാദൃശ്ചികം എന്ന് പറയാനാവില്ലെന്നും രാഷ്ട്രീയ ലക്ഷ്യത്തോടെ ആസൂത്രിത ഗൂഢാലോചന നടന്നുവെന്നും അദ്ദേഹം ആവർത്തിച്ചു.സർക്കാരിൻറെ ഭാഗത്ത് എന്തെങ്കിലും ഉണ്ടെങ്കിൽ അത് വേഗത്തിൽ ആവട്ടെ എന്ന് കരുതിയാണ് മുഖ്യമന്ത്രിക്ക് കത്തു നൽകിയത്. യാതൊരു തരത്തിലുള്ള മറുപടിയുമില്ലാതെ നീട്ടിക്കൊണ്ടുപോകാൻ ആണെങ്കിൽ തനിക്കറിയുന്ന കാര്യങ്ങൾ ജനങ്ങളോട് തുറന്നു പറയും.

ആർക്കാണ് പങ്ക് എന്നുള്ളത് അടക്കം പുറത്തുവരണം. സിസിടിവി ദൃശ്യങ്ങൾ അടക്കം അവിടെയുണ്ട്. പൂരപ്പറമ്പിൽ എം.ആർ. അജിത് കുമാറിൻറെ സാന്നിധ്യം കണ്ടില്ല. മൂന്ന് ഐപിഎസ് ഓഫീസർമാരെ കണ്ടു. പോലീസ് പറഞ്ഞിട്ടല്ല പൂരം നിർത്തിവയ്ക്കാൻ പറഞ്ഞത്. കൊച്ചിൻ ദേവസ്വം ബോർഡോ കളക്ടറോ അല്ല പൂരം നിർത്തിവയ്ക്കാൻ പറഞ്ഞത്.

മേളം പകുതിവച്ച് നിർത്താൻ പറഞ്ഞതാരാണ്. വെടിക്കെട്ട് നടത്തില്ല എന്ന് പ്രഖ്യാപിച്ചത് ആരാണ്. എന്തടിസ്ഥാനത്തിലാണ് ഇവയെല്ലാം നിർത്തിവയ്ക്കാൻ പറഞ്ഞത്. അതിനു കാരണക്കാരായ ആൾക്കാർ ആരൊക്കെയാണ് എന്ന് അറിഞ്ഞേ പറ്റൂവെന്നും സുനിൽകുമാർ ആവശ്യപ്പെട്ടു.

## തൃശ്ശൂർ പൂരം വിവാദം: പോലീസ് ഉദ്യോഗസ്ഥന് സസ്പെൻഷൻ

തിരുവനന്തപുരം: തൃശ്ശൂർ പൂരം അലങ്കോലമാക്കിയതിലെ അന്വേഷണം സംബന്ധിച്ച വിവരാവകാശ അപേക്ഷയുടെ മറുപടിയിലാണ് നടപടി.

വിവരാവകാശ അപേക്ഷയ്ക്ക് തെറ്റായ മറുപടി നൽകിയെന്ന് ചൂണ്ടിക്കാട്ടി പോലീസ് ആസ്ഥാനത്തെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും എൻ.ആർ.ഐ. സെൽ ഡിവൈ.എസ്.പിയുമായ എം.എസ്. സന്തോഷിനെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യുന്നതിനും മുഖ്യമന്ത്രി നിർദ്ദേശം നൽകി. ഈ അവസരത്തിൽ എ.ഡി.ജി.പി. തലത്തിൽ അന്വേഷണം പുരോഗമിക്കുന്നുണ്ടായിരുന്നു. ഈ വിവരം മറച്ചുവെച്ചുവെച്ചതിനാലാണ് നടപടി.

## പൊന്നമ്മച്ചേച്ചിയോടൊപ്പം മകനായി അഭിനയിക്കേണ്ടി വന്നിട്ടില്ല, ജീവിക്കുക തന്നെയായിരുന്നു: മോഹൻലാൽ

അനവധി സിനിമകളിൽ തന്റെ അമ്മയായെത്തിയ കവിയൂർ പൊന്നമ്മയ്ക്ക് അന്ത്യാഞ്ജലിയുമായി മോഹൻലാൽ. സാമൂഹികമാധ്യമത്തിൽ പങ്കുവെച്ച കുറിപ്പിൽ എത്ര കാലം കഴിഞ്ഞാലും അമ്മയ്ക്ക് മകൻ മകൻ തന്നെയാണ് എന്ന സത്യം വിളിച്ചോതുന്നതായിരുന്നു, പല കാലഘട്ടങ്ങളിൽ ഒരുമിച്ചഭിനയിച്ച ചിത്രങ്ങളെന്ന് അദ്ദേഹം കുറിച്ചു.



അമ്മയുടെ വിയോഗത്തിന്റെ വേദനയിൽ കുറിക്കുന്നതാണ് ഈ വാക്കുകൾ. പെറ്റമ്മയോളം സ്നേഹം കഥാപാത്രത്തിനും ഞാനെന്ന വ്യക്തിക്കും എക്കാലത്തും പകർന്നു തന്ന എന്റെ പ്രിയപ്പെട്ട പൊന്നമ്മച്ചേച്ചി. മലയാളത്തിലെ ഞങ്ങളുടെ പ്രിയപ്പെട്ട പ്രേക്ഷകർക്കും ഞങ്ങൾ അമ്മയും മകനും ആയിരുന്നു. എത്ര കാലം കഴിഞ്ഞാലും അമ്മയ്ക്ക് മകൻ മകൻ തന്നെയാണ് എന്ന സത്യം വിളിച്ചോതുന്നതായിരുന്നു, പല കാലഘട്ടങ്ങളിൽ ഞങ്ങൾ ഒരുമിച്ച ചിത്രങ്ങൾ. പൊന്നമ്മച്ചേച്ചിയോടൊപ്പം മകനായി അഭിനയിക്കേണ്ടി വന്നിട്ടില്ല എനിക്ക് ഒരിക്കലും, ജീവിക്കുക തന്നെയായിരുന്നു. കിരീടം, ഭരതം, വിയറ്റ്നാം കോളനി, ദശരഥം, നാട്ടുരാജാവ്, വടക്കും നാഥൻ, കിഴക്കുണരും പക്ഷി, ഒപ്പം.. പൊന്നമ്മച്ചേച്ചി മാതൃത്വം പകർന്നുതന്ന എത്രയെത്ര സിനിമകൾ. മകൻ അല്ലായിരുന്നിട്ടും മകനേ എന്ന് വിളിച്ച് ഓടിവരുന്ന 'ഹിസ് ഹൈനസ് അബ്ദുള്ള' യിലെ കഥാപാത്രം പോലെയായിരുന്നു ജീവിതത്തിൽ പൊന്നമ്മച്ചേച്ചി എനിക്കും..വിതുമ്പുന്ന വാക്കുകൾക്കൊണ്ട്, ചേച്ചിക്ക് ആദരാഞ്ജലികൾ അർപ്പിക്കാനാവുന്നില്ല.. ഓർമ്മകളിൽ എന്നും ആ മാതൃസ്നേഹം നിറഞ്ഞുതുളുമ്പും..

## ഏഴര വർഷത്തിനു ശേഷം പൾസർ സുനി പുറത്തിറങ്ങി



തിരുവനന്തപുരം: നടിയെ ആക്രമിച്ച കേസിൽ ഒന്നാം പ്രതിയായ പൾസർ സുനി ജയിലിൽ നിന്ന് പുറത്തിറങ്ങി. സുപ്രീം കോടതിയുടെ നിർദേശത്തെ തുടർന്നാണ് വിചാരണ കോടതിയാണ് പൾസർ സുനിക്ക് ജാമ്യം അനുവദിച്ചത് ഏഴര വർഷത്തെ വിചാരണത്തടവിന് ശേഷമാണ് പൾസർ പുറത്തിറങ്ങിയത്. കനത്ത സുരക്ഷയിൽ പുറത്തിറങ്ങിയ പൾസർ സുനി ബന്ധുക്കൾക്കൊപ്പം പോയി.

## കൊല്ലത്ത് മകളുടെ ആൺസുഹൃത്തിനെ കുത്തിക്കൊന്നു

കൊല്ലം: സംഘർഷത്തിനിടെ മകളുടെ ആൺസുഹൃത്തിനെ പിതാവ് കുത്തിക്കൊന്നു. ഇരവിപുരം സ്വദേശി അരുൺകുമാർ (19) ആണ് മരിച്ചത്. ഇരവിപുരം വഞ്ചിക്കോവിൽ സ്വദേശി പ്രസാദ് ശക്തികുളങ്ങര പോലീസിൽ കീഴടങ്ങി.

വെള്ളിയാഴ്ച വൈകീട്ട് ആറരയോടെയാണ് സംഭവം. മകളെ ശല്യംചെയ്യുന്നുവെന്ന് ആരോപിച്ച് അരുൺകുമാറുമായി പ്രസാദ് ഫോണിലൂടെ വാക്കേറ്റത്തിലേർപ്പെട്ടു. ഇത് ചോദ്യംചെയ്യാൻ അരുൺകുമാർ സുഹൃത്തുക്കൾക്കൊപ്പം ഇരവിപുരം ഇരട്ടക്കടവിലെത്തി. അവിടെവെച്ച് പ്രസാദും അരുൺകുമാറും തമ്മിൽ തർക്കമുണ്ടായി.



അരുൺകുമാർ പെൺകുട്ടി താമസിക്കുന്ന കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിലെ വീട്ടിലേക്ക് എത്തി. ഇരുവരും സംസാരിച്ച് നിൽക്കുന്നതിനിടെ പ്രസാദും ഇവിടെയെത്തി. ഇവിടെവെച്ച് വീണ്ടും സംഘർഷമുണ്ടായി. ഇതിനിടെ വീട്ടിലുണ്ടായിരുന്ന കത്തി ഉപയോഗിച്ച് പ്രസാദ് അരുൺകുമാറിന്റെ നെഞ്ചിൽ കുത്തുകയായിരുന്നു.

സുഹൃത്താണ് അരുൺകുമാറിനെ കൊല്ലം ജില്ലാ ആശുപത്രിയിൽ എത്തിച്ചത്. ഇവിടെവെച്ച് എട്ടുമണിയോടെ മരിക്കുകയായിരുന്നു. ഇതിനെ പിന്നാലെയാണ് പ്രസാദ് പോലീസിൽ കീഴടങ്ങിയത്. അരുൺകുമാറും മകളും തമ്മിലുള്ള സൗഹൃദം താൻ എതിർത്തിരുന്നുവെന്ന് പ്രസാദ് മൊഴി നൽകി. സൗഹൃദം അവസാനിപ്പിക്കാൻ അരുൺകുമാർ തയ്യാറായില്ല. വെള്ളിയാഴ്ച വൈകീട്ടും സൗഹൃദത്തിൽനിന്ന് പിന്മാറണമെന്ന് താൻ ആവശ്യപ്പെട്ടു. ഇത് സംഘർഷത്തിലേക്ക് പോവുകയും അരുൺകുമാർ തന്നെ ആക്രമിക്കുകയും ചെയ്തെന്നും പ്രസാദ് പോലീസിനോട് പറഞ്ഞു.

വിദേശത്ത് ജോലിചെയ്തുവരുന്ന അരുൺകുമാർ ഒരുമാസം മുമ്പാണ് നാട്ടിലെത്തിയത്. അരുൺകുമാറിന്റെ മാതാവ് വിദേശത്താണ്. മൃതദേഹം കൊല്ലം ജില്ലാ ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. പോസ്റ്റമോർട്ടത്തിന് ശേഷം മൃതദേഹം ശനിയാഴ്ച ബന്ധുക്കൾക്ക് വിട്ടുനൽകും.




# അയൽക്കൂട്ടാംഗങ്ങൾക്ക് പിന്തുണയേകാൻ 3.16 ലക്ഷം കുടുംബശ്രീ ജെൻഡർ പോയിന്റ് പേഴ്സൺമാർ സജ്ജമാകുന്നു

## 14 ജില്ലകളിൽ ഓരോ ബ്ലോക്കിൽ വീതവും അട്ടപ്പാടിയിലും പൈലറ്റടിസ്ഥാനത്തിൽ പരിശീലനക്യാമ്പയിൻ



*കുടുംബശ്രീ ജെൻഡർ പോയിന്റ് പേഴ്സൺ ശിൽപ്പശാലയിൽ പങ്കെടുത്തവർ*

തിരുവനന്തപുരം: ലിംഗാധിഷ്ഠിത പ്രശ്നങ്ങളിൽ ഇടപെടലിന് ഒരുങ്ങി കുടുംബശ്രീയുടെ 3.16 ലക്ഷം ജെൻഡർ പോയിന്റ് പേഴ്സൺമാർ (ജി.പി.പി) സജ്ജമാവുന്നു. ലിംഗ പദവി സംബന്ധിച്ച പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പിന്തുണയേകുകയും ഇത് സംബന്ധിച്ച സേവനങ്ങളും അവകാശങ്ങളും നേടിയെടുക്കാൻ ഓരോ അയൽക്കൂട്ട അംഗങ്ങളെയും സഹായിക്കുകയുമാണ് ജി.പി.പിയുടെ പ്രധാന ചുമതല.

കുടുംബശ്രീ അയൽക്കൂട്ട, എ.ഡി.എസ്, സി.ഡി.എസ്തലങ്ങളിലെ ജി.പി.പിമാർക്ക് പരിശീലനം നൽകുന്നതിനുള്ള രൂപരേഖ നിശ്ചയിക്കുന്നതിനുള്ള ദ്വിദിന ശിൽപ്പശാല തിരുവനന്തപുരത്ത് ഇന്നലെ (സെപ്റ്റംബർ 20) പൂർത്തിയായി. ഓരോ കുടുംബശ്രീ അയൽക്കൂട്ടത്തിൽ നിന്നും ഒരാളെ വീതമാണ് ജി.പി.പിയായി തെരഞ്ഞെടുത്തിരിക്കുന്നത്. സംസ്ഥാനത്തെ 3,16,386 അയൽക്കൂട്ടങ്ങളിലും ജി.പി.പിമാരുടെ തെരഞ്ഞെടുപ്പ് പൂർത്തിയായി കഴിഞ്ഞു. അയൽക്കൂട്ട ജി.പി.പിമാരിൽ നിന്ന് വാർഡ്തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് 19,470 ജി.പി.പിമാരെയും ഈ എ.ഡി.എസ് ജി.പി.പിമാരിൽ നിന്ന് പഞ്ചായത്ത്തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് 1070 സി.ഡി.എസ്തല ജി.പി.പിമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. സി.ഡി.എസ്, എ.ഡി.എസ് തല ജി.പി.പിമാർക്ക് പൊതു അവബോധ പരിശീലനവും നൽകി.

അയൽക്കൂട്ട അംഗങ്ങളുടെ ലിംഗപദവി പ്രശ്നങ്ങളെക്കുറിച്ച് തുടർച്ചയായ ബോധവത്ക്കരണ പരിപാടികൾ, ക്ലാസ്സുകൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുക, ലിംഗ വിവേചനങ്ങൾക്കെതിരേ പ്രതികരിക്കാൻ സ്ത്രീകളെയും കുട്ടികളെയും പ്രാപ്തരാക്കുക, വിജിലന്റ് ഗ്രൂപ്പിന്റെ അയൽക്കൂട്ടതല കണ്ണിയായി പ്രവർത്തിക്കുക, സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ അയൽക്കൂട്ടതലത്തിൽ ഏകോപിപ്പിക്കുക, അയൽക്കൂട്ട പ്രദേശങ്ങളെ വനിതാശിശു സൗഹൃദ മേഖലയാക്കുന്നതിന് ഇടപെടലുകൾ നടത്തുക, ലിംഗപരമായ പ്രശ്നങ്ങളിൽ കേസുകൾ റിപ്പോർട്ട് ചെയ്താൽ എ.ഡി.എസ്തലത്തിൽ രജിസ്റ്റർ ചെയ്യുകയും പ്രശ്ന പരിഹാരത്തിന് സ്ത്രീകളെ പിന്തുണയ്ക്കുകയും ചെയ്യുക, കുടുംബശ്രീ സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കിന്റെ സഹായത്തോടെ കൗൺസിലിങ് നൽകുക തുടങ്ങിയവയാണ് ജെൻഡർ പോയിന്റ് പേഴ്സൺമാരുടെ ചുമതല.

അയൽക്കൂട്ടതലത്തിലേക്ക് ജി.പി.പി പ്രവർത്തനങ്ങൾ കാര്യക്ഷമമായി എത്തിക്കുന്നതിനുള്ള പരിശീലന പ്രവർത്തനങ്ങൾ പ്രത്യേക ക്യാമ്പയിനായി 14 ജില്ലകളിലെ തെരഞ്ഞെടുത്ത ഓരോ ബ്ലോക്കിൽ വീതവും അട്ടപ്പാടിയിലും പൈലറ്റ് അടിസ്ഥാനത്തിൽ നവംബറോടെ ആരംഭിക്കും. കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം (എൻ.ആർ.എൽ.എം) നൽകിയ പരിശീലന മൊഡ്യൂളുകൾ കേരളത്തിന്റെ സാഹചര്യത്തിന് അനുസരിച്ച് വികസിപ്പിച്ച് മൂന്നായി വിഭജിച്ചാണ് പരിശീലനം നൽകുന്നത്. തിയേറ്റർ (സർഗ്ഗാത്മക പരിശീലന കളരി), ആക്ടിവിറ്റി (പ്രവർത്തനം), ഡിജിറ്റൽ സാങ്കേതിക വിദ്യ എന്നിങ്ങനെയുള്ള സംവേദന രീതികളിലൂടെ 15 മൊഡ്യൂളുകളിലുള്ള പരിശീലനമാണ് ജി.പി.പിമാർക്കും അവരിലൂടെ അയൽക്കൂട്ടാംഗങ്ങൾക്കും നൽകുക.

ലിംഗവ്യത്യാസവും ലിംഗപദവിയും, ലിംഗപദവി സാമൂഹിക നിർമ്മിതിയും സാമൂഹ്യവത്ക്കരണവും, ലിംഗാധിഷ്ഠിത തൊഴിൽ വിഭജനം, കൗമാരം ക്ഷേമവും ആരോഗ്യവും, ശൈശവവിവാഹം എന്നീ അഞ്ച് മൊഡ്യൂളുകളാണ് ആക്ടിവിറ്റി വിഭാഗത്തിൽ ഉൾപ്പെടുക. പ്രാപ്യതയും നിയന്ത്രണവും, ലിംഗഭേദവും ചലനമാത്മകതയും, ജെൻഡർ അവകാശങ്ങളും അർഹതയും, ഭക്ഷണവും പോഷകാഹാരവും, സ്ത്രീ സാക്ഷരതയും വിദ്യാഭ്യാസവും എന്നീ അഞ്ച് മൊഡ്യൂളുകൾ തിയേറ്റർ വിഭാഗത്തിലും ലിംഗാധിഷ്ഠിത അതിക്രമങ്ങൾ, സ്ഥാപന സംവിധാനങ്ങൾ, ലിംഗപദവിയും ഉപജീവനവും, ലിംഗപദവിയും വികേന്ദ്രീകരണവും, സ്ത്രീകൾക്ക് വേണ്ടിയുള്ള പ്രത്യേക നിയമ നിർമ്മാണങ്ങളും നിലവിലുള്ള നിയമങ്ങളും എന്നീ അഞ്ച് മൊഡ്യൂളുകൾ ഡിജിറ്റൽ സാങ്കേതിക വിദ്യ വിഭാഗത്തിന് കീഴിലും ഉൾപ്പെടുത്തിയിരിക്കുന്നു. ഈ മൊഡ്യൂളുകൾക്കൊപ്പം ഡിജിറ്റൽ സാക്ഷരതയേകുന്നതിനും വ്യക്തിത്വ വികാസം നൽകുന്നതിനും ഉതകുന്ന വിഷയങ്ങളും പരിശീലനത്തിന്റെ ഭാഗമാക്കിയിട്ടുണ്ട്.

ഹോട്ടൽ ഗ്രാൻഡ് ചൈത്രത്തിൽ സംഘടിപ്പിച്ച ദ്വിദിന ശിൽപ്പശാലയ്ക്ക് കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ഡോ. ബി. ശ്രീജിത്ത്, സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ ഫെബി ഡി.എ, ഓഫീസ് സെക്രട്ടേറിയേറ്റ് സ്റ്റാഫ് അർജുൻ പ്രതാപ് ആർ.പി എന്നിവർ നേതൃത്വം നൽകി. വിദ്യാഭ്യാസ വിദഗ്ധർ, ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി, തിയേറ്റർ മേഖലകളിലെ വിദഗ്ധർ, അധ്യാപക പരിശീലകർ, കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജർമാർ, സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്ക് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു

**എക്സിക്യൂട്ടീവ് ഡയറക്ടർ,**
**കുടുംബശ്രീ.**

# ശ്രീ ചിത്തിര തിരുനാൾ കോളജ് ഓഫ് എൻജിനീയറിങ്ങിൽ ബിരുദദാനചടങ്ങ് 22ന്

സംസ്ഥാന ഗതാഗതവകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എൻജിനീയറിങ്ങിൽ ബിരുദദാനചടങ്ങ് 'ഗ്രാജുവേഷൻ സെറിമണി 2024' സെപ്റ്റംബർ 22ന് രാവിലെ 9.30ന് കേരള യൂണിവേഴ്സിറ്റി ഹാളിൽ നടക്കും. ചടങ്ങിൽ മുഖ്യാതിഥി സിഎസ്ഐആർഎൻഐഐഎസ്ടി ഡയറക്ടർ ഡോ. സി അനന്തരാമകൃഷ്ണൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും. എം.ടെക്, ബി.ടെക് വിഭാഗങ്ങളിലായി 275 വിദ്യാർഥികൾ സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുമെന്ന് പ്രിൻസിപ്പൽ ഡോ. സി. സതീഷ് കുമാർ അറിയിച്ചു.

# വനിതാ കമ്മീഷൻ: മേഖലാ ഓഫീസുകളിലും പരാതി സ്വീകരിക്കും

സംസ്ഥാന വനിതാ കമ്മീഷന്റെ തിരുവനന്തപുരത്തെ ആസ്ഥാന ഓഫീസിനു പുറമേ കോഴിക്കോട്, എറണാകുളം മേഖലാ ഓഫീസുകളിലും പരാതി സ്വീകരിക്കും. കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലെ താഴെ നിലയിലാണ് ഉത്തര മേഖലാ ഓഫീസ് പ്രവർത്തിക്കുന്നത്. ഫോൺ 04712377590. ഇമെയിൽ kw-c-k-k-d@gm-a-i-l.com. മധ്യമേഖലാ ഓഫീസ്: എറണാകുളം കോർപ്പറേഷൻ ബിൽഡിങ്സ്, നോർത്ത് പരമാര റോഡ്, കൊച്ചി18. ഫോൺ: 04842926019, ഇമെയിൽ: kw-c-e-km@gm-a-i-l.com. പരാതി സംബന്ധമായ അന്വേഷണങ്ങൾക്ക് 04712307589 നമ്പറിൽ ബന്ധപ്പെടാം.

# എം.ടെക് സ്പോട്ട് അഡ്മിഷൻ

പൂജപ്പുര എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമണിൽ 2024 25 അധ്യയന വർഷത്തിൽ ഒന്നാം വർഷ എം.ടെക് കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനിയറിങ്, സിഗ്നൽ പ്രോസസിംഗ് ബ്രാഞ്ചുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തും.

താൽപര്യമുള്ളവർ അസൽ രേഖകളുമായി കോളേജിൽ സെപ്റ്റംബർ 23 ന് തിങ്കളാഴ്ച രാവിലെ 10 മണിക്ക് നേരിട്ട് ഹാജരാകണം. വിശദ വിവരങ്ങൾക്ക്: 9995595456, 9895983656 എന്നീ ഫോൺ നമ്പറുകളിലോ www.l-b-si-tw.a-c.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാം.

# ഡി.ഫാം പരിശീലനത്തിന് അപേക്ഷിക്കാം

ഫാർമസി എജ്യുക്കേഷൻ റഗുലേഷൻ ആക്ട് 1991 പ്രകാരം ഡിപ്ലോമ ഇൻ ഫാർമസി (ഡി.ഫാം) കോഴ്സ് കഴിഞ്ഞ 20 വിദ്യാർഥികൾക്ക് കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ ട്രെയിനിങ് നൽകുന്നതിന് കേരള ഫാർമസി കൗൺസിലിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.ട്രെയിനിങ്ങിന് താൽപര്യമുള്ള ഡി.ഫാം കഴിഞ്ഞ വിദ്യാർഥികൾ പ്രസ്തുത ട്രെയിനിങ്ങിന് അനുവാദം ലഭിക്കുന്നതിന് ഡി.ഫാം കോഴ്സ് സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും സഹിതം കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് പ്രൻസിപ്പലിന് അപേക്ഷ സമർപ്പിക്കണം.

# രജിസ്ട്രേഷൻ വകുപ്പിനെ ജനസൗഹൃദമാക്കണം: മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി

രജിസ്ട്രേഷൻ വകുപ്പിന്റെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും വേഗത്തിലും സുഗമമായും ജനങ്ങൾക്ക് ലഭ്യമാക്കാൻ വകുപ്പിലെ ഉദ്യോഗസ്ഥർ സന്നദ്ധരാകണമെന്നും അങ്ങിനെ വകുപ്പിനെ കൂടുതൽ ജനസൗഹൃദമാക്കണമെന്നും രജിസ്ട്രേഷൻ, പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു.

രജിസ്ട്രേഷൻ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള വകുപ്പുതല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. രജിസ്ട്രേഷൻ ഐ.ജി ശ്രീധന്യ സുരേഷ്, വകുപ്പ് ജോയിന്റ് സെക്രട്ടറി പ്രമോദ്, ജോയിന്റ് ഐ.ജി സാജൻ കുമാർ, വകുപ്പിലെ ഡി.ഐ.ജിമാർ, ജില്ലാ രജിസ്ട്രാർമാർ എന്നിവരെ പങ്കെടുപ്പിച്ചു നടത്തിയ അവലോകന യോഗത്തിൽ എം.സി രാജിലൻ മോട്ടിവേഷൻ ക്ലാസ് എടുത്തു.

# താൽപ്പര്യപത്രം ക്ഷണിച്ചു

ഐ.എച്ച്.ആർ.ഡി സ്ഥാപനങ്ങളിലെ വിവിധ തരം പെയ്മെന്റുകൾ സ്വീകരിക്കുന്നതിന് ഓൺലൈൻ ബാങ്ക് പെയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 'പെയ്മെന്റ് ഗേറ്റ് വേ' സംവിധാനം ഏറ്റെടുത്തു ചെയ്യുന്നതിന് പരിചയസമ്പന്നരായ നാഷണലൈസ്ഡ്/ഷെഡ്യൂൾ ബാങ്കുകളിൽ നിന്നും താൽപ്പര്യപത്രം ക്ഷണിച്ചു.

അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ഒക്ടോബർ നാല് ആണ്. വിശദവിവരങ്ങൾക്കv www.i-hr-d.a-c.in എന്ന വെബ്സൈറ്റിലും 9447658176 എന്ന ഫോൺ നമ്പറിലും ബന്ധപ്പെടാം.

# ഭിന്നശേഷിക്കാർക്ക് സൗജന്യപരിശീലനം

കേരള സർക്കാർ സ്ഥാപനമായ എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം പൂജപ്പുരയിൽ പ്രവർത്തിക്കുന്ന സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിഫറൻഡ്ലി ഏബിൾഡ് സ്റ്റഡീസിൽ നാല്പത് ശതമാനത്തിൽ കൂടുതൽ വൈകല്യമുള്ള ഭിന്നശേഷിക്കാർക്ക് സൗജന്യമായി നടത്തുന്ന ബുക്ക് ബൈൻഡിംഗ്, പേപ്പർ ബാഗ് മേക്കിംഗ്, ഫ്ളോറൽ ഡെക്കറേഷൻ ആൻഡ് ബൊക്കെ മേക്കിംഗ്, ഓർണമെന്റ് മേക്കിംഗ്, ഗ്ലാസ്/പോട്ട് എംപോസിംഗ് പെയിന്റിംഗ് കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു.

അപേക്ഷാ ഫോം സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിഫറൻഡ്ലി ഏബിൾഡ് സ്റ്റഡീസിന്റെ പൂജപ്പുര ഓഫീസിൽ നിന്ന് നേരിട്ടും c-e-d-s.k-er-a-l-a.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

പൂരിപ്പിച്ച അപേക്ഷാ ഫോം സെപ്റ്റംബർ 25ഠം തീയ്യതിക്ക് മുമ്പായി സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിഫറൻഡ്ലി ഏബിൾഡ് സ്റ്റഡീസിന്റെ പൂജപ്പുര ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 8289827857, 0471 2345627 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.

# അവാർഡ് തുക ദുരിതാശ്വാസ നിധിയിലേക്ക് നൽകി മന്ത്രി

മണപ്പുറം വയോജന ക്ഷേമനിധി ചാരിറ്റബിൾ സൊസൈറ്റി ഏർപ്പെടുത്തിയ സി.കെ ചന്ദ്രപ്പൻ മാനവീകം സ്മൃതി പുരസ്കാരം ലഭിച്ച രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അവാർഡ് തുകയായ 10001 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി.

# സ്പോട്ട് അഡ്മിഷൻ 24ന്

അരുവിക്കര സർക്കാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് (ജിഐഎഫ്ഡി) 202425 അധ്യയന വർഷത്തെ 2 വർഷ കോഴ്സിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. പ്രസ്തുത ഒഴിവുകളിലേക്ക് സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ 24 ചൊവ്വാഴ്ച നെടുമങ്ങാട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ വച്ച് നടത്തും. പ്രവേശനം ആഗ്രഹിക്കുന്നവർ അസ്സൽ സർട്ടിഫിക്കറ്റുകൾ, നിശ്ചിത ഫീസ് (ഗൂഗിൾ പേ മുഖേന നൽകേണ്ടത്) എന്നിവ സഹിതം രാവിലെ 9.30ന് രജിസ്റ്റർ ചെയ്യാൻ നേരിട്ട് എത്തിച്ചേരണം. രജിസ്ട്രേഷൻ സമയം രാവിലെ 9.30 മുതൽ 10.30 വരെ. വിശദവിവരങ്ങൾക്ക് ഫോൺ: 9605168843, 9895543647, 8606748211,

# ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവ്

തിരുവനന്തപുരം ചാക്ക ഗവൺമെന്റ് ഐ.ടി.ഐയിൽ ടെക്നീഷ്യൻ മെഡിക്കൽ ഇലക്ട്രോണിക്സ് (ടിഎംഇ) ട്രേഡിലേക്ക് നിലവിലുള്ള ഒരു ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവിലേക്ക് ഓപ്പൺ കാറ്റഗറിയിൽ (പി എസ് സി റൊട്ടേഷൻ ചാർട്ട് അനുസരിച്ച്) ഉൾപ്പെടുന്ന ഉദ്യോഗാർഥികൾക്കുള്ള ഇന്റർവ്യൂ സെപ്റ്റംബർ 23 ന് രാവിലെ 11 മണിക്ക് നടത്തും. എസ്.എസ്.എൽ.സി, ബന്ധപ്പെട്ട ട്രേഡിൽ എൻ.ടി.സിയും 3 വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ എൻഎസിയും ഒരു വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ ബന്ധപ്പെട്ട ട്രേഡിൽ എൻജിനീയറിങ് ഡിപ്ലോമ / ഡിഗ്രി എന്നിവയാണ് യോഗ്യത. താല്പര്യമുള്ള ഉദ്യോഗാർഥികൾ അന്നേ ദിവസം അസൽ സർട്ടിഫിക്കറ്റുമായി ചാക്ക ഗവ. ഐടിഐ പ്രിൻസിപ്പൽ മുമ്പാകെ ഇന്റർവ്യൂവിന് ഹാജരാകണം.

# മിൽമ തിരുവനന്തപുരം മേഖലയ്ക്ക് മികച്ച നേട്ടം

തിരുവനന്തപുരം: ഓണനാളുകളിൽ മിൽമ തിരുവനന്തപുരം മേഖല യൂണിയന് (ടിആർസിഎംപിയു) പാൽ, തൈര്, നെയ്യ് തുടങ്ങിയ ഡയറി ഉൽപന്നങ്ങളുടെ വിൽപ്പനയിൽ മികച്ച നേട്ടം. 38,34,530 ലിറ്റർ പാലും, 3,36,950 കിലോഗ്രാം തൈരുമാണ് സെപ്റ്റംബർ 10 മുതൽ 14 വരെയുള്ള ഓണദിവസങ്ങളിൽ (അനിഴം മുതൽ ഉത്രാടം വരെ) വിറ്റത്. ഈ ഓണക്കാലത്ത് ഉൽപന്നങ്ങളുടെ ആകെ വിറ്റുവരവ് 32 കോടി രൂപയാണ്.

ഉത്രാട ദിവസം മാത്രം 13.62 ലക്ഷം ലിറ്റർ പാലും, 145 മെട്രിക് ടൺ തൈരുമാണ് വിറ്റത്. ഇത് റെക്കോർഡ് നേട്ടമാണ്. ഓണക്കാലത്ത് 294 മെട്രിക് ടൺ നെയ്യ് ആണ് വിറ്റത്.ടിആർസിഎംപിയുവിനു കീഴിലെ ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ഓണനാളുകളിലെ വിൽപ്പനയുടെ കണക്കാണിത്.

ഓണത്തിന് പാലിനും അനുബന്ധ ഉൽപന്നങ്ങൾക്കുമുള്ള അധിക വിൽപന പരിഗണിച്ച് തിരുവനന്തപുരം മേഖല യൂണിയൻ വിപുലമായ ക്രമീകരണങ്ങൾ ഒരുക്കിയിരുന്നു. ഓണവിപണി ലക്ഷ്യമാക്കി ഏജൻസികൾക്കും വിതരണക്കാർക്കുമായി വിൽപന പ്രോത്സാഹന പദ്ധതികളും നടപ്പിലാക്കി.

കൂട്ടായ പ്രവർത്തനത്തിലൂടെ വിൽപനയിൽ റെക്കോർഡ് നേട്ടം സാധ്യമാക്കിയ മിൽമ ജീവനക്കാർ, ക്ഷീരകർഷകർ, ഏജൻസികൾ, ട്രേഡ് യൂണിയനുകൾ, വിതരണ വാഹന ജീവനക്കാർ, മിൽമയോടൊപ്പം നിലകൊള്ളുന്ന ഉപഭോക്താക്കൾ എന്നിവരോടുള്ള നന്ദി ടിആർസിഎംപിയു ചെയർമാൻ മണി വിശ്വനാഥ്, മാനേജിങ് ഡയറക്ടർ ഡോ. മുരളി പി എന്നിവർ അറിയിച്ചു.

# ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി: ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചു

202425 ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ. എൽ.ബി കോഴ്സിൽ കേരളത്തിലെ 4 ഗവൺമെന്റ് ലോ കോളേജുകളിലെ മുഴുവൻ സീറ്റുകളിലേയ്ക്കും 24 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെ 50 ശതമാനം സർക്കാർ സീറ്റുകളിലേയ്ക്കും പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ ആരംഭിച്ചു. വിദ്യാർഥികൾക്ക് www.c-e-e.k-er-a-l-a.gov.in എന്ന വെബ്സൈറ്റിലൂടെ സെപ്റ്റംബർ 25 ന് വൈകുന്നേരം 3 മണിവരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാം.

25 ന് ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കും. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

# വനിതാ കമ്മീഷനിൽ ഡെപ്യൂട്ടേഷൻ ഒഴിവ്

കേരള വനിതാ കമ്മീഷനിൽ നിലവിൽ ഒഴിവുള്ള ഒരു പുരുഷ സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർക്കാർ സർവീസിൽ ഉള്ള (31,100 66,800) ശമ്പള സ്കെയിലിൽ സേവനമനുഷ്ഠിക്കുന്ന സിവിൽ പോലീസ് ഓഫീസർമാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. നിശ്ചിത ഫോമിലുള്ള അപേക്ഷ, നിരാക്ഷേപപത്രം സഹിതം മേലധികാരി മുഖേന സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, ലൂർദ്ദ് പള്ളിക്കു സമീപം, പി.എം.ജി., പട്ടം പി.ഒ, തിരുവനന്തപുരം 695 004 എന്ന വിലാസത്തിൽ ഒക്ടോബർ 10ന് ലഭിച്ചിരിക്കണമെന്ന് മെമ്പർ സെക്രട്ടറി അറിയിച്ചു.

# ത്രിവത്സര എൽ.എൽ.ബി: 26 വരെ രജിസ്റ്റർ ചെയ്യാം

202425 ലെ ത്രിവത്സര എൽ.എൽ.ബി കോഴ്സിൽ കേരളത്തിലെ 4 ഗവൺമെന്റ് ലോ കോളേജുകളിലെ മുഴുവൻ സീറ്റുകളിലേക്കും 13 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെ 50 ശതമാനം സർക്കാർ സീറ്റുകളിലേക്കും പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ ആരംഭിച്ചു. വിദ്യാർഥികൾക്ക് www.c-e-e.k-er-a-l-a.gov.in എന്ന വെബ്സൈറ്റിൽ സെപ്റ്റംബർ 26 ന് വൈകുന്നേരം 3 മണി വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാം. 26 ന് വൈകുന്നേരം 3 മണി വരെ ലഭ്യമാകുന്ന ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് പ്രസിദ്ധീകരിക്കും. അലോട്ട്മെന്റുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ www.c-e-e.k-er-a-l-a.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

# കെൽട്രോണിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ

കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിൽ തൊഴിലധിഷ്ഠിത കോഴ്സുകളായ ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, വെബ് ഡിസൈൻ ആന്റ് ഫുൾ സ്റ്റാക്ക് ഡെവലപ്മെന്റ്, ഐഒറ്റി, സൈബർ സെക്യൂരിറ്റി ആന്റ് എത്തിക്കൽ ഹാക്കിംഗ്, പൈത്തൺ ആന്റ് മെഷീൻ ലേണിംഗ്, കമ്പ്യൂട്ടർ ഹാർഡ്വെയർ ആന്റ് നെറ്റ്വർക്ക് മെയിന്റനൻസ് എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചു.

# അജ്മലും ശ്രീക്കുട്ടിയും നിരവധിത്തവണ രാസലഹരി ഉപയോഗിച്ചു: ശാസ്ത്രീയ പരിശോധനയ്ക്ക് പോലീസ്

കൊല്ലം: മൈനാഗപ്പള്ളിയിൽ യുവതിയെ കാറിടിച്ച് കൊലപ്പെടുത്തിയ കേസിൽ അറസ്റ്റിലായ പ്രതികൾ കഴിഞ്ഞ രണ്ടുമാസത്തിനിടെ നിരവധി തവണ രാസലഹരി ഉപയോഗിച്ചിട്ടുള്ളതായി അന്വേഷണ സംഘം കണ്ടെത്തി.

ഇതിൽ വ്യക്തത വരുത്താൻ ഇവരുടെ രക്തസാമ്പിളുകൾ കോടതിയുടെ അനുമതിയോടെ ശാസ്ത്രീയ പരിശോധന നടത്തും. രണ്ടാംപ്രതി ശ്രീക്കുട്ടിയുടെ എംബിബിഎസ് ബിരുദം അംഗീകാരം ഉള്ളതാണോയെന്ന് പരിശോധിക്കാനും തീരുമാനിച്ചിട്ടുണ്ട്.

ഇതിനായി സേലത്തെ വിനായക മിഷൻ റിസർച്ച് ഫൗണ്ടേഷനിൽ നിന്നും ആരോഗ്യ വകുപ്പിൽ നിന്നും പോലീസ് വിവരങ്ങൾ തേടിയിട്ടുണ്ട്. ഇവർക്കെതിരായ കേസ് സംബന്ധിച്ച റിപ്പോർട്ട് പൊലിസ് ആരോഗ്യവകുപ്പിന് കൈമാറുകയും ചെയ്യും. പ്രതികളെ കസ്റ്റഡിയിൽ വാങ്ങി തെളിവെടുപ്പ് അടക്കമുള്ള നടപടികൾ വേഗത്തിൽ പൂർത്തിയാക്കാനാണ് അന്വേഷണ സംഘത്തിൻറെ തീരുമാനം.

അജ്മൽ ക്രിമിനൽ ആണെന്ന് അറിഞ്ഞിരുന്നില്ലെന്നാണ് ഡോ. ശ്രീക്കുട്ടി പൊലിസിന് മൊഴി നൽകിയിട്ടുള്ളത്. സിനിമ കൊറിയോഗ്രാഫറാണെന്ന് പറഞ്ഞാണ് അജ്മൽ പരിചയപ്പെട്ടത്. താനും അജ്മലും മദ്യം ഉപയോഗിക്കാറുണ്ട്. പണവും സ്വർണവും നൽകിയത് അജ്മൽ ആവശ്യപ്പെട്ട പ്രകാരമാണെന്നുമാണ് ശ്രീക്കുട്ടിയുടെ മൊഴി.

നാട്ടുകാർ ആക്രമിക്കുമെന്ന ഭയം കൊണ്ടാണ് താൻ വാഹനവുമായി രക്ഷപ്പെട്ടതെന്ന് അജ്മൽ പൊലീസിനോട് പറഞ്ഞത്. പിന്തുടർന്നവരിൽ ചിലരുമായി തനിക്ക് വ്യക്തിവൈരാഗ്യം ഉണ്ടായിരുന്നുവെന്നും ഇയാൾ മൊഴി നൽകിയിട്ടുണ്ട്.

തിരുവോണദിനത്തിൽ വൈകുന്നേരമാണ് വടക്കൻ മൈനാഗപ്പള്ളി ആനൂർക്കാവ് പഞ്ഞിപുല്ലും വിളയിൽ നൗഷാദിൻറെ ഭാര്യ കുഞ്ഞുമോൾ (45) കാറിടിച്ച് കൊല്ലപ്പെട്ടത്. ഇടിയുടെ ആഘാതത്തിൽ കാറിൻറെ മുന്നിലേക്ക് വീണ കുഞ്ഞുമോളുടെ ശരീരത്തിലൂടെ അജ്മൽ വാഹനം കയറ്റിയിറക്കി രക്ഷപ്പെടുകയായിരുന്നു. സുഹൃത്തിൻറെവീട്ടിൽ മദ്യസൽക്കാരത്തിൽ പങ്കെടുത്ത് മടങ്ങുമ്പോഴായിരുന്നു അപകടം.

പോലീസ് സംഘം വ്യാഴാഴ്ച കരുനാഗപ്പള്ളിയിൽ ഡോ. ശ്രീക്കുട്ടി വാടകയ്ക്ക് താമസിച്ചിരുന്ന വീട്ടിലും പ്രതികൾ ഇരുവരും തങ്ങിയ കരുനാഗപ്പള്ളിയിലെ സ്വകാര്യ ഹോട്ടലിലും പരിശോധന നടത്തി വിവരങ്ങൾ ശേഖരിച്ചു. ഒന്നാം പ്രതി അജ്മലിനു വേണ്ടിയും വ്യാഴാഴ്ച കോടതിയിൽ ജാമ്യാപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അതും ഇന്ന് പരിഗണിക്കുമെന്നാണ് വിവരം.

## മൈനാഗപ്പള്ളി വാഹനാപകടം; ശ്രീക്കുട്ടി ലഹരിക്കടിമയെന്ന് ഭർത്താവ്

കൊല്ലം: മൈനാഗപ്പള്ളിയിൽ സ്കൂട്ടർ യാത്രക്കാരിയെ കാർ കയറ്റി കൊലപ്പെടുത്തിയ കേസിൽ അറസ്റ്റിലായ പ്രതി ശ്രീക്കുട്ടി ലഹരിക്കടിമയെന്ന് ഭർത്താവ് അഭീഷ് രാജ്. എംബിബിഎസ് പഠനത്തിന് പോയതോടെയാണ് ശ്രീക്കുട്ടി മയക്കുമരുന്ന് ഉപയോഗിച്ച് തുടങ്ങിയതെന്ന് അഭീഷ് രാജ് വ്യക്തമാക്കി.

ശ്രീക്കുട്ടി ഇങ്ങനെയാകാൻ കാരണം ശ്രീക്കുട്ടിയുടെ അമ്മയും അച്ഛനുമാണെന്നും അഭീഷ് രാജ് പറയുന്നു. സേലത്ത് പഠിക്കാൻ പോയ ശേഷമാണ് ലഹരി ഉപയോഗം തുടങ്ങിയത്. ഇതിനിടെ അജ്മലുമായി വഴിവിട്ട ബന്ധമുണ്ടെന്ന് മനസിലായി. ഇതോടെ ശ്രീക്കുട്ടിയുമായുള്ള ബന്ധത്തിൽ വിള്ളൽ വീണു.ശ്രീക്കുട്ടി ലഹരി ഉപയോഗിച്ചിരുന്നു എന്നതിന് തൻറെ കൈവശം ചില തെളിവുകളുണ്ടെന്നും അഭീഷ് രാജ് പറഞ്ഞു. ലഹരി ഉപയോഗിച്ചിരുന്നതായി ശ്രീക്കുട്ടി നേരത്തേ പോലീസിന് മൊഴി നൽകിയിരുന്നു.

മൈനാഗപ്പള്ളി ആനൂർക്കാവിൽ തിരുവോണ ദിവസമായിരുന്നു അപകടമുണ്ടായത്.അമിതവേഗത്തിലെത്തിയ കാർ സ്കൂട്ടറിൽ യാത്ര ചെയ്യുകയായിരുന്ന കുഞ്ഞുമോളെ ഇടിച്ചിട്ട ശേഷം ശരീരത്തിലൂടെ കയറ്റിയിറക്കിയിരുന്നു. നിർത്താതെ പോയ കാറിനെ നാട്ടുകാർ പിന്തുടർന്നു പിടികൂടുകയായിരുന്നു.

## പട്ടികജാതി/ പട്ടികവർഗക്കാർക്ക് സൗജന്യ പ്ലേസ്മെന്റ്

കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിനു കീഴിൽ തിരുവനന്തപുരത്ത് തൈക്കാട് പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം പട്ടികജാതി/ പട്ടികവർഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്കായി സെപ്റ്റംബർ 26ന് സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കും.

താത്പര്യമുള്ള ഉദ്യോഗാർഥികൾ 25ന് ഉച്ചയ്ക്ക് ഒരു മണിയ്ക്ക് മുമ്പ് h-ttp-s://form-s.g-l-e/8i4gm43J-Xnm-F4g-Nv9 എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യണം. ഉദ്യോഗാർഥികൾ ബയോഡാറ്റയും വിദ്യാഭ്യാസയോഗ്യത, ജാതി, വയസ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം 26ന് രാവിലെ 10ന് തിരുവനന്തപുരം തൈക്കാട് സംഗീത കോളജിന് പിന്നിലുള്ള നാഷണൽ കരിയർ സർവീസ് സെന്റർ ഫോർ എസ്.സി/ എസ്.ടിയിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക്: 04712332113/ 8304009409.

## കെൽട്രോണിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ

കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിൽ തൊഴിലധിഷ്ഠിത കോഴ്സുകളായ ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, യുഐ / യുഎക്സ് ഡിസൈനർ ആന്റ് ഡെവലപ്പർ, വെബ് ഡിസൈൻ ആന്റ് ഫുൾ സ്റ്റാക്ക് ഡെവലപ്മെന്റ്, ഐഒറ്റി, സൈബർ സെക്യൂരിറ്റി ആന്റ് എത്തിക്കൽ ഹാക്കിംഗ്, പൈത്തൺ ആന്റ് മെഷീൻ ലേണിംഗ്, കമ്പ്യൂട്ടർ ഹാർഡ്വെയർ ആന്റ് നെറ്റ് വർക്ക് മെയിന്റനൻസ് എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരത്തുള്ള സ്പെൻസർ ജംഗ്ഷനിലെ കെൽട്രോൺ നോളഡ്ജ് സെന്ററിൽ നേരിട്ടോ 0471 2337450, 0471 2320332 എന്നീ നമ്പറുകളിലോ ബന്ധപ്പെടുക.

## സുഭദ്ര കൊലപാതകം; പ്രതികളുടെ വീടിന് സമീപത്തുനിന്ന് രക്തം പുരണ്ട തലയണ കണ്ടെത്തി

ആലപ്പുഴ: സുഭദ്ര കൊലപാതക കേസിലെ പ്രതികളെ കൊലപാതകം നടന്ന കലവൂരിലെ വീട്ടിലെത്തിച്ച് തെളിവെടുപ്പ് നടത്തി. പ്രതികളായ മാത്യൂസിനെയും ഷർമിളയെയുമാണ് തെളിവെടുപ്പിന് എത്തിച്ചത്.

ആദ്യം മാത്യൂസുമായി തെളിവെടുപ്പ് നടത്തിയ ഇടങ്ങളിൽ ഷർമിളയുമായി വീണ്ടും പോലീസ് തെളിവെടുപ്പ് നടത്തി. സുഭദ്രയെ കൊലപ്പെടുത്താൻ ഉപയോഗിച്ച ഷാൾ കത്തിച്ച് കളഞ്ഞെന്ന് പ്രതികൾ പോലീസിനോട് പറഞ്ഞു.

അതേസമയം സുഭദ്ര ഉപയോഗിച്ച തലയണ ഇവരുടെ വീടിൻറെ പരിസരത്തുനിന്ന് പോലീസിന് ലഭിച്ചു. കൊലപാതക സമയം രക്തം പുരണ്ടതിനാൽ തലയണ ഉപേക്ഷിച്ചതായി പ്രതികൾ പറഞ്ഞു.

# തൃശൂർ പൂരം അലങ്കോലപ്പെട്ട സംഭവം: മുഖ്യമന്ത്രിയുടെ ഉറപ്പ് വെറുംവാക്കായി; അന്വേഷണം നടത്തിയിട്ടില്ലെന്ന് വിവരാവകാശരേഖ

തൃശൂർ: പൂരം അലങ്കോലപ്പെട്ട സംഭവത്തെക്കുറിച്ച് പോലീസ് ഇതുവരെയും അന്വേഷണം നടത്തിയില്ലെന്ന് വിവരാവകാശരേഖ. ഇതോടെ പൂരം അലങ്കോലപ്പെട്ട സംഭവം അന്വേഷിക്കുമെന്ന് മുഖ്യമന്ത്രിയുടെ ഉറപ്പ് വെറും വാക്കായി.

പോലീസ് പൂരം കലക്കിയെന്ന സംഭവത്തെക്കുറിച്ചുള്ള അന്വേഷണം എന്തായെന്ന് ഒരു സ്വകാര്യ ചാനൽ നൽകിയ വിവരാവകാശ ചോദ്യത്തിനുള്ള മറുപടിയായാണ് അന്വേഷണം തുടങ്ങിയിട്ടില്ല എന്ന ഉത്തരം രേഖാമൂലം ലഭിച്ചത്. ഇതോടെ പൂരം അട്ടിമറി സംബന്ധിച്ച സംശയങ്ങൾ കൂടുതൽ ബലപ്പെടുകയാണ്. എന്തുകൊണ്ട് പോലീസ് ഇത് അന്വേഷിച്ചില്ല എന്നതിനു വരും ദിവസങ്ങളിൽ സർക്കാർ ഉത്തരം പറയേണ്ടി വരും.

പൂരം തടസപ്പെട്ടതിനെ സംബന്ധിച്ച് അന്വേഷണം നടക്കുന്നതായി അറിവില്ലെന്നാണ് സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിൽ നിന്നുള്ള മറുപടി. പൂരം അലങ്കോലപ്പെട്ടതിനെ സംബന്ധിച്ച് അന്വേഷണം നടക്കുന്നു എന്നാണ് ഇതുവരെയും മുഖ്യമന്ത്രിയും സർക്കാരും സിപിഎമ്മും എല്ലാം പറഞ്ഞിരുന്നത്. ഇപ്പോൾ വിവരാവകാശരേഖ പുറത്തുവന്നതോടെ പാർട്ടിയും സർക്കാരും മുഖ്യമന്ത്രിയും എല്ലാം പറഞ്ഞതു കളവാണെന്നു തെളിഞ്ഞിരിക്കുകയാണ്.

തൃശൂർ ലോക്സഭാ തെരഞ്ഞെടുപ്പിൽ സിപിഐക്കുണ്ടായ കനത്ത തിരിച്ചടിക്കു കാരണം തൃശൂർ പൂരം അലങ്കോലപ്പെട്ടതാണെന്ന് ആരോപണമുയർന്നിരുന്നു. അന്വേഷണം ആവശ്യപ്പെട്ട ഘടകകക്ഷികളോടും മുഖ്യമന്ത്രി അന്വേഷണം നടക്കുന്നു എന്നാണ് വിശ്വസിപ്പിച്ചിരുന്നത്.

സംസ്ഥാന പോലീസും തൃശൂർ സിറ്റി പോലീസും സംഭവത്തെക്കുറിച്ച് അന്വേഷിച്ചിട്ടില്ല എന്നാണ് പുറത്തുവന്ന വിവരാവകാശ രേഖ വ്യക്തമാക്കുന്നത്. ലോക്സഭാ തെരഞ്ഞെടുപ്പിന് തൊട്ടു മുന്പാണ് തൃശൂർ പൂരം രാത്രി അലങ്കോലപ്പെട്ടതും വെടിക്കെട്ട് അനന്തമായി നീണ്ടതും.

ഏപ്രിൽ 21ന് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നിറക്കിയ വാർത്താക്കുറിപ്പിൽ തൃശൂർ പൂരം അലങ്കോലപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുമെന്നും തൃശൂർ കമ്മീഷണറെ മാറ്റുമെന്നും പോലീസിൻറെ നടപടികൾക്കെതിരായ പരാതികൾ സംസ്ഥാന മേധാവി അന്വേഷിക്കുമെന്നും ഒരാഴ്ചയ്ക്കകം റിപ്പോർട്ട് നൽകുമെന്നുമാണ് പറഞ്ഞിരുന്നത്.

ഇപ്പോൾ ആരോപണ വിധേയനായ എഡിജിപി എം.ആർ. അജിത്കുമാറിനായിരുന്നു അന്വേഷണ ചുമതല. തൃശൂർ പ്രസ് ക്ലബ്ബിൻറെ അന്നത്തെ സെക്രട്ടറി, തിരുവമ്പാടി ദേവസ്വം ഭാരവാഹികൾ എന്നിവരിൽനിന്ന് എഡിജിപി മൊഴിയെടുത്തിരുന്നു. എന്നാൽ ഇതിനപ്പുറത്തേക്ക് അന്വേഷണം നീണ്ടില്ല.

ആർഎസ്എസ് മേധാവിയും ഡിജിപിയും തമ്മിൽ കൂടിക്കാഴ്ച നടത്തിയതും പൂരം അലങ്കോലപ്പെടുത്തി ഹൈന്ദവ വികാരം ബിജെപിക്ക് അനുകൂലമാക്കാനും ഗൂഢാലോചന നടന്നു തുടങ്ങിയ ആരോപണങ്ങൾ ശക്തമായിരിക്കുന്നതിനിടെയാണ് ഇപ്പോൾ പൂരം അലങ്കോലപ്പെട്ട സംഭവം അന്വേഷിച്ചിട്ടേയില്ല എന്ന പോലീസിൻറെ മറുപടി വരുന്നത്.

പൂരം മുടങ്ങിയതിനേക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ, ഉണ്ടങ്കിൽ റിപ്പോർട്ടിൻറെ പകർപ്പ് ലഭ്യമാക്കാമോ. ഈ കാര്യങ്ങളാണ് സ്വകാര്യ ചാനൽ പോലീസ് ആസ്ഥാനത്ത് നൽകിയ വിവരാവകാശ ചോദ്യത്തിൽ ഉന്നയിച്ചത്. അതിനു ലഭിച്ച മറുപടി ഇപ്രകാരമാണ് അങ്ങിനെയൊരു അന്വേഷണത്തേക്കുറിച്ചുള്ള വിവരങ്ങൾ ഇവിടത്തെ ഓഫീസിലില്ല. കൃത്യമായ മറുപടിക്കായി തൃശൂർ സിറ്റി പോലീസിന് അയച്ചു നൽകുന്നു.

മുഖ്യമന്ത്രി ഡിജിപി അന്വേഷണം നടത്തുമെന്ന് പ്രഖ്യാപിച്ച സംഭവത്തെക്കുറിച്ച് ഡിജിപിയുടെ ഓഫീസും പോലീസ് ആസ്ഥാനവും അറിഞ്ഞിട്ടില്ല എന്നാണ് മറുപടി വ്യക്തമാക്കുന്നത്. പൂരം മുടങ്ങിയ സംഭവത്തെക്കുറിച്ച് അന്വേഷിക്കുകയോ അത് സംബന്ധിച്ച് റിപ്പോർട്ട് നൽകിയ ചെയ്തിട്ടില്ല എന്നാണ് തൃശൂർ സിറ്റി പോലീസും മറുപടി നൽകിയത്. അപ്പോൾ മുഖ്യമന്ത്രി പ്രഖ്യാപിച്ച അന്വേഷണം എന്തായി എന്ന് ചോദ്യമാണ് ബാക്കിയാവുന്നത്.

പൂരം കലക്കിയതാര് എന്ന അന്വേഷണ റിപ്പോർട്ട് കാത്തിരിക്കുകയാണ് സിപിഐ. തൃശൂർ ലോക്സഭാ മണ്ഡലത്തിൽ ബിജെപിക്ക് മികച്ച വിജയം നേടിക്കൊടുത്തത് മുന്നിൽ അട്ടിമറികൾ നടന്നിട്ടുണ്ട് എന്ന് സിപിഐ കരുതുന്നതിനിടയാണ് അന്വേഷണം പ്രഖ്യാപനത്തിൽ മാത്രം സർക്കാർ ഉരുണ്ടു കളിക്കുന്നത്.

# വിദ്യാഭ്യാസ ആനുകൂല്യത്തിന് അപേക്ഷ ക്ഷണിച്ചു

കേരള തൊഴിലാളി ക്ഷേമനിധി ബോർഡിലെ വരിക്കാരായ തൊഴിലാളികളുടെ മക്കൾക്ക് ബോർഡിന്റെ വിദ്യാഭ്യാസ ആനുകൂല്യ പദ്ധതി പ്രകാരം 2024 25 അധ്യയനവർഷം വിദ്യാഭ്യാസ ആനുകൂല്യത്തിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. 202425 അധ്യയന വർഷത്തിൽ 8, 9, 10/ പ്ലസ് വൺ/ ബി.എ/ ബി.കോം/ ബി.എസ്സി/ എം.എ/ എം.കോം/ (പാരലൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർ അപേക്ഷിക്കേണ്ടതില്ല) എം.എസ്.ഡബ്ലിയു/ എം.എസ്സി/ ബി.എഡ്/ പ്രൊഫഷണൽ കോഴ്സുകളായ എൻജിനിയറിങ്/ എം.ബി.ബി.എസ്/ ബി.ഡി.എസ്/ ഫാം.ഡി/ ബി.എസ്സി നഴ്സിങ്/ പ്രൊഫഷണൽ പി.ജി കോഴ്സുകൾ/ പോളിടെക്നിക് ഡിപ്ലോമ/ റ്റി.റ്റി.സി/ ബി.ബി.എ/ ഡിപ്ലോമ ഇൻ നഴ്സിങ്/ പാരാ മെഡിക്കൽ കോഴ്സ്/ എം.സി.എ/ എം.ബി.എ/ പി.ജി.ഡി.സി.എ/ എൻജിനിയറിങ് (ലാറ്ററൽ എൻട്രി) അഗ്രിക്കൾച്ചറൽ/ വെറ്ററിനറി/ ഹോമിയോ/ ബി.ഫാം/ ആയുർവേദം/ എൽ.എൽ.ബി (3 വർഷം, 5 വർഷം) ബി.ബി.എം/ ഫിഷറീസ്/ ബി.സി.എ/ ബി.എൽ.ഐ.എസ്.സി/ എച്ച്.ഡി.സി ആൻഡ് ബി.എം/ ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ്മെന്റ്/ സി.എ. ഇന്റർമീഡിയറ്റ്/ മെഡിക്കൽ എൻജിനിയറിങ് എൻട്രൻസ് കോച്ചിങ് സിവിൽ സർവ്വീസ് കോച്ചിങ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനും എസ്.എസ്.എൽ.സി ക്യാഷ് അവാർഡിനും സെപ്റ്റംബർ 25 മുതൽ ഓൺലൈനായി അപേക്ഷിക്കാം. മുൻ അധ്യയന വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചിട്ടുള്ളവർ ആനുകൂല്യം പുതുക്കുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷകൻ ജോലി ചെയ്യുന്ന സ്ഥാപന ഉടമയുടെ സാക്ഷ്യപത്രം വിദ്യാർഥി പഠിക്കുന്ന സ്ഥാപനത്തിന്റെ മേലധികാരി നൽകുന്ന സാക്ഷ്യപത്രം എന്നിവയുടെ മാതൃക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് സാക്ഷ്യപ്പെടുത്തിയശേഷം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

അപേക്ഷകൾ നവംബർ 25 ന് മുമ്പ് www.l-a-bourw-e-l-f-ar-e-fun-d.in മുഖേന ഓൺലൈനായാണ് സമർപ്പിക്കേണ്ടത്. ഓഫ്ലൈൻ അപേക്ഷകൾ സ്വീകരിക്കില്ല.

# ഊണ് റെഡി ബോർഡ് വെക്കേണ്ട; സിപിഎം നേതാവ് വീട്ടമ്മയേയും കുട്ടിയേയും മർദിച്ചു

തിരുവനന്തപുരം: സിപിഎം നേതാവും ജില്ലാ പഞ്ചായത്ത് അംഗവുമായ വെള്ളനാട് ശശി വീട്ടമ്മയേയും കുട്ടിയേയും മർദിച്ചതായി പരാതി. തട്ടുകടയുടെ ഊണ് റെഡി ബോർഡ് മാറ്റുന്നതുമായി ബന്ധപ്പെട്ടാണ് തർക്കമാണ് കൈയാങ്കളിയിൽ എത്തിയത്.

വെള്ളനാട് വില്ലേജ് ഓഫീസ് പരിസരത്തെ അരുണിന്റെ തട്ടുകടക്ക് മുന്നിലാണ് സംഭവം. ബോർഡ് റോഡിലാണ് വച്ചിരിക്കുന്നതെന്നും ഇത് ഇവിടെ നിന്നും മാറ്റണമെന്നാണ് സിപിഎം നേതാവിന്റെ ആവശ്യം. ബോർഡ് മാറ്റാൻ കഴിയില്ലെന്ന് കട നടത്തുന്ന വീട്ടമ്മ പറഞ്ഞതോടെയാണ് തർക്കമുണ്ടായത്.

അരുണിന്റെ ഭാര്യ സുകന്യ, മാതാവ് ഗീത എന്നിവരുമായി ശശി തർക്കിക്കുന്നതിന്റെ ദൃശ്യം പുറത്തുവന്നു. സംഭവം ഫോണിൽ പകർത്തുന്നതിനിടെ സുകന്യയുടെ മകന്റെ കൈയിൽ നിന്നും ശശി മൊബൈൽ തട്ടിയെറിയുന്നതും തുടർന്ന് സ്ത്രീകളെ മർദിക്കാൻ ശ്രമിക്കുന്നതും വീഡിയോയിലുണ്ട്.

കടയുടമ ആര്യനാട് സ്റ്റേഷനിൽ പരാതി നൽകി. അതേസമയം കടയുടമ കൈയേറ്റം ചെയ്തെന്ന് ആരോപിച്ച് ശശിയും പോലീസിൽ പരാതി നൽകി. അടുത്തിടെയാണ് ശശി കോൺഗ്രസ് വിട്ട് സിപിഎമ്മിൽ ചേർന്നത്.

# കോട്ടയത്ത് 14 വയസുകാരി പൂർണ ഗർഭിണി; ബന്ധുവിനെതിരെ കേസെടുക്കും

കോട്ടയം: പാമ്പാടിയിൽ 14 വയസുകാരി പൂർണ്ണ ഗർഭിണി. വയറുവേദനയെത്തുടർന്ന് കുട്ടിയെ ആശുപത്രിയിൽ എത്തിച്ചപ്പോഴാണ് ഗർഭിണിയാണെന്ന വിവരം പുറത്തറിയുന്നത്. കുട്ടിയെ വിദഗ്ധ ചികിത്സയ്ക്കായി മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റി.വ്യാഴാഴ്ച ഉച്ചയ്ക്കാണ് കുട്ടിയെ പാമ്പാടി താലൂക്ക് ആശുപത്രയിൽ പ്രവേശിപ്പിച്ചത്. കടുത്ത വയറുവേദനയാണെന്ന് കുട്ടി പറഞ്ഞതോടെ സ്കാനിംഗ് ഉൾപ്പെടെ നടത്തിയപ്പോഴാണ് പൂർണ ഗർഭിണിയാണെന്ന് കണ്ടെത്തിയത്. ഡോക്ടർ വിവരം പോലീസിനേയും അറിയിച്ചു. പിന്നാലെ പോലീസ് കുട്ടിയുടെ ബന്ധുക്കളെ പോലീസ് സ്റ്റേഷനിലേക്ക് വിളിച്ചുവരുത്തി ചോദ്യംചെയ്തു. ഇതിൽ കുട്ടിക്കുനേരെ ലൈംഗികാതിക്രമം നടത്തിയത് ബന്ധുതന്നെയാണെന്ന നിഗമനത്തിൽ പോലീസ് എത്തി. ഇയാൾക്കെതിരെ കേസ് എടുത്ത് അറസ്റ്റ് അടക്കമുള്ള നടപടികളിലേക്ക് പോലീസ് നീങ്ങും.

# സ്കന്ദൻ മയിലിന് ആശ്വാസമായി ജില്ലാ വെറ്ററിനറി കേന്ദ്രം



കൊല്ലം : ആശ്രാമം ശ്രീ നാരായണപുരം ക്ഷേത്രത്തിലെ മയിലിന് കാലൊടിവ്. വലതു കാൽമുട്ട് മുറിച്ചു നീക്കി. ആശ്രാമം ശ്രീ നാരായണപുരം ക്ഷേത്രത്തിലെ ആൺ മയിലിന് കൂട്ടിൽ വീണ് വലതു കാലിന് ഒടിവേറ്റു. മുട്ടിന് താഴ എല്ലുപൊട്ടി വ്യണമായി മാറിയതോടെ മയിൽ അവശനിലയിലായി.

ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ അറിയച്ചതിനെ തുടർന്ന് ആശുപത്രിയിലെത്തിച്ച മയിലിന് എക്സ്റേ യിലൂടെ ഒടിവുകൾ കണ്ടെത്തി. തുടർന്ന് അനസ്തേഷ്യ നൽകി ശസ്ത്രക്രിയ നടത്തി.

വ്യണബാധയേറ്റ വലതു കാൽ മുട്ടിന് താഴെ മുറിച്ചുമാറ്റി തുന്നലിട്ടു.

ആന്റിബയോട്ടിക്കുകളും വേദനസംഹാരികളും നൽകി. ചീഫ് വെറ്ററിനറി ഓഫീസർ ഡോ.ഡി. ഷൈൻകുമാർ, വെറ്ററിനറി സർജൻമാരായ ഡോ .കിരൺ ബാബു, ജിൻസി, അഭിരാമി എന്നിവർ ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകി.

ആശ്രാമം ശ്രീ നാരായണപുരം ക്ഷേത്രത്തിൽ അതിഥിയായി വന്ന് അമ്പലവാസിയായി മാറിയ സ്കന്ദൻ മയിലിന്ന് മൂന്നുമാസം പ്രായമുണ്ട്.

പൂവൻപഴവും പാലും അവിലും കടലയുമൊക്കെയാണ് സ്കന്ദന്റെ ആഹാരം. ഭക്തർ നൽകുന്ന മധുരവും സ്കന്ദൻ കഴിക്കുന്നുണ്ട്. രണ്ടാഴ്ചയ്ക്കുള്ളിൽ മുറിവുകൾ ഉണങ്ങും എന്ന് ഡോക്ടർമാർ പറഞ്ഞു. മയിൽ വലുതാകുമ്പോൾ നടത്തം സുഗമമാക്കാൻ കൃത്രിമക്കാൽഘടിപ്പിക്കുന്ന ലിംബ് പ്രോസ്തസിസിനെക്കുറിച്ചും ((Limb prosthesis) ആലോചിക്കുന്നുണ്ട്.

# 24 നാണ്യവിളകൾക്ക് താങ്ങുവില പ്രഖ്യാപിക്കും; ഹരിയാനയിൽ ബിജെപി പ്രകടന പത്രിക പുറത്തിറക്കി

ചണ്ഡീഗഡ്: ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി ബിജെപി പ്രകടനപത്രിക പുറത്തിറക്കി. റോഹ്തക്കിൽ നടന്ന ചടങ്ങിൽ ബിജെപി അധ്യക്ഷൻ ജെ.പി. നഡ്ഡയാണ് പ്രകടന പത്രിക പുറത്തിറക്കിയത്.

സർക്കാർ മെഡിക്കൽ കോളജ്, എഞ്ചിനിയറിംഗ് കോളജുകളിൽ പഠിക്കുന്ന എസ്സി, ഒബിസി വിഭാഗങ്ങൾക്ക് സ്കോളർഷിപ്പും ഗ്രാമപ്രദേശങ്ങളിൽ നിന്ന് കോളജുകളിൽ പഠിക്കാൻ പോകുന്ന വിദ്യാർഥിനികൾക്ക് സ്കൂട്ടറും നൽകുമെന്ന് പ്രകടനപത്രികയിൽ പറയുന്നു.

അഗ്നിവീറുകൾക്ക് സർക്കാർ ജോലി ഉറപ്പാക്കും. 24 നാണ്യവിളകൾക്ക് താങ്ങുവില പ്രഖ്യാപിക്കുമെന്നും പ്രകടന പത്രികയിലുണ്ട്. ബിജെപി ഭരണകാലത്ത് ഹരിയാന പുരോഗതിയുടെ പാതയിലാണെന്നും ജെ.പി. നഡ്ഡ പറഞ്ഞു. ഹരിയാനയിൽ വൻ മാറ്റമുണ്ടായി. അവ ഇപ്പോൾ ദൃശ്യമാണെന്നും അദ്ദേഹം വ്യക്തമാക്കി.

യുവാക്കൾക്കും സ്ത്രീകൾക്കും, കർഷകർക്കും ദരിദ്ര ജനവിഭാഗത്തിനും മുൻഗണന നൽകുന്നതാണ് പ്രകടനപത്രികയെന്നും ചടങ്ങിന് മുൻപായി മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രി നായബ് സിംഗ് സൈനി, കേന്ദ്രമന്ത്രിമാരായ മനോഹർലാൽ ഖട്ടാർ, റാവു ഇന്ദർജിത്ത് സിംഗ്, കെ.പി. ഗുർജാർ എന്നിവരും പങ്കെടുത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കേരളത്തിൽ ഒരു മിനിറ്റ് കൊണ്ട് വ്യവസായ സംരംഭങ്ങൾ തുടങ്ങാനാകും: മന്ത്രി പി. രാജീവ്

### ബംഗളൂരുവിൽ മുൻനിര നിക്ഷേപകരുമായി മന്ത്രി ആശയവിനിമയം നടത്തി

തിരുവനന്തപുരം: ഒരു മിനിറ്റ് കൊണ്ട് എംഎസ്എംഇകൾക്ക് സംരംഭം തുടങ്ങാൻ കഴിയുന്ന സംസ്ഥാനമാണ് കേരളമെന്ന് വ്യവസായ, കയർ, നിയമ വകുപ്പ് മന്ത്രി പി. രാജീവ്. മറിച്ചുള്ള ധാരണകൾ വസ്തുതകൾക്ക് നിരക്കാത്തതാണെന്നും മന്ത്രി വ്യക്തമാക്കി. കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ (സിഐഐ) സഹകരണത്തോടെ കേരള സ്റ്റേറ്റ് ഇൻസ്ട്രിയൽ ഡെവലപ്മെൻറ് കോർപ്പറേഷൻ (കെഎസ്ഐഡിസി) ബംഗളൂരുവിൽ സംഘടിപ്പിച്ച റോഡ് ഷോയിൽ മുൻനിര നിക്ഷേപകരുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

വ്യവസായങ്ങൾ ആരംഭിക്കുന്നതിൽ ഏറ്റവും അനുയോജ്യ സംസ്ഥാനമായി കേരളത്തിന് മാറാൻ സാധിച്ചതിനെപ്പറ്റി മന്ത്രി വിശദീകരിച്ചു. ഇന്ത്യയിലെ വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ റാങ്കിങ്ങിൽ കേരളം ഒന്നാം സ്ഥാനത്ത് എത്തിയെന്നത് ശ്രദ്ധേയമാണ്. ഈ സർക്കാർ അധികാരമേൽക്കുമ്പോൾ വ്യവസായങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിൽ കേരളം 28ാം സ്ഥാനത്തായിരുന്നു. എന്നാൽ പുതിയ വ്യവസായ നയവും പരിഷ്കാരങ്ങളും നടപ്പാക്കിയതിലൂടെ സംസ്ഥാനത്തിന് ഒന്നാം സ്ഥാനത്ത് എത്താനായെന്നും മന്ത്രി പറഞ്ഞു.

സാധ്യതകളെയും വെല്ലുവിളികളെയും കോർത്തിണക്കിയുള്ള പുതിയ വ്യവസായ നയം സംസ്ഥാനം ആവിഷ്കരിച്ചു. മനുഷ്യർക്കും പ്രകൃതിക്കും പ്രഥമ പരിഗണന നൽകുന്ന പ്രകൃതി, മനുഷ്യർ, വ്യവസായം എന്നതാണ് അതിൻറെ കാതൽ. എഐ, ബ്ലോക്ക് ചെയിൻ ടെക്നോളജി, ബിഗ് ഡാറ്റ അനാലിസിസ്, മെഷീൻ ലേണിംഗ്, ബഹിരാകാശം, പ്രതിരോധം, ഐടി തുടങ്ങി 22 മുൻഗണനാ മേഖലകളിലെ വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിലാണ് സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

വിവിധ വകുപ്പുകൾ ഒരു വ്യവസായിക സ്ഥാപനത്തിൽ നടത്തേണ്ട നിയമാനുസൃതമായ പരിശോധനകൾ കമ്പ്യൂട്ടർ സംവിധാനത്തിൻറെ സഹായത്തോടെ ക്രമീകരിക്കുന്നതിനുള്ള കേരള സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം (കെസിഐഎസ്) സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. ഇതുവഴി പരിശോധനകൾ നടത്തപ്പെട്ട സ്ഥാപനങ്ങളിലെ റിപ്പോർട്ട് 48 മണിക്കൂറിനുള്ളിൽ പബ്ലിക് ഡൊമെയ്നിൽ പ്രസിദ്ധീകരിക്കാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ടെന്ന് വ്യവസായ നയത്തിൻറെ നവീകരണ നടപടികളെക്കുറിച്ച് പരാമർശിക്കവേ മന്ത്രി പറഞ്ഞു. രണ്ടര വർഷം കൊണ്ട് കേരളത്തിൽ 2,90,000 എംഎസ്എംഇകൾ സ്ഥാപിക്കാനായി. 18,000 കോടിയിലധികം പുതിയ നിക്ഷേപവും വന്നു. ഈ സംരംഭകരിൽ 92,000 പേർ വനിതകളും 30 പേർ ട്രാൻസ്ജെൻഡർമാരുമാണെന്നും മന്ത്രി പറഞ്ഞു.




*കേരള സ്റ്റേറ്റ് ഇൻസ്ട്രിയൽ ഡെവലപ്മെൻറ് കോർപ്പറേഷൻ (കെഎസ്ഐഡിസി) ബംഗളൂരുവിൽ സംഘടിപ്പിച്ച റോഡ് ഷോയിൽ മുൻനിര നിക്ഷേപകരുമായി വ്യവസായ, കയർ, നിയമ വകുപ്പ് മന്ത്രി പി. രാജീവ് സംസാരിക്കുന്നു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി എംഡി എസ് ഹരികിഷോർ, കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ്, കെഎൽഐപി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പ്രവീൺ കെ എസ്, സിഐഐ കേരള സ്റ്റേറ്റ് കൗൺസിൽ ചെയർമാൻ വിനോദ് മഞ്ഞില, സിഐഐ കർണാടക സ്റ്റേറ്റ് കൗൺസിൽ വൈസ് ചെയർമാൻ രബീന്ദ്ര ശ്രീകണ്ഠൻ എന്നിവർ വേദിയിൽ.*

എല്ലാ ജില്ലകളിലും എംഎസ്എംഇ ക്ലിനിക് രൂപീകരിച്ചിട്ടുണ്ട്. സംരംഭകർ നേരിടുന്ന ബിസിനസ് പ്രയാസങ്ങൾക്ക് ക്ലിനിക്കിലെ വിദഗ്ധരിൽ നിന്ന് ഉപദേശം നേടാനാകും. എംഎസ്എംഇകൾക്കുള്ള ഇൻഷുറൻസ് പ്രീമിയത്തിൻറെ 50 ശതമാനം സർക്കാർ അടയ്ക്കുന്ന ഇൻഷുറൻസ് സ്കീം നൽകുന്നത് ഉൾപ്പെടെ പുതിയ നിക്ഷേപകർക്ക് പിന്തുണ നൽകുന്ന നിരവധി സ്കീമുകൾ സർക്കാർ ലഭ്യമാക്കുന്നതായും മന്ത്രി വ്യക്തമാക്കി. ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ചാർട്ടേഡ് അക്കൗണ്ടൻറ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ (ഐസിഎഐ) ജിഎസ്ടി റിട്ടേണുകളും ഫിനാൽഷ്യൽ സ്റ്റേറ്റ്മെൻറുകളും തയ്യാറാക്കുന്നതിന് ആദ്യ വർഷം സൗജന്യ സേവനം നൽകുന്നു. സംസ്ഥാനത്ത് ഇപ്പോൾ റേഷൻ കടകളുമായി ബന്ധിപ്പിച്ചിട്ടുള്ള കെസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് പൊതുവിതരണ മന്ത്രാലയവുമായി ധാരണാപത്രം ഉണ്ടാക്കാൻ സാധിച്ചു. എട്ട് മാസത്തിനുള്ളിൽ 9 കോടി എംഎസ്എംഇ ഉത്പന്നങ്ങൾ കെസ്റ്റോറുകൾ വഴി വിറ്റഴിച്ചതായും വ്യവസായ മേഖലയിലെ കഴിഞ്ഞ ഒരു വർഷത്തെ നേട്ടങ്ങളെക്കുറിച്ച് മന്ത്രി പറഞ്ഞു.

പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഏറ്റവും അനുയോജ്യമായ വ്യാവസായിക അന്തരീക്ഷമാണ് സംസ്ഥാനത്തുള്ളതെന്നും കഴിഞ്ഞ 25 വർഷമായി കേരളത്തിൽ ഒരു ഫാക്ടറിയുടെ പ്രവർത്തനം പോലും സമരമോ തൊഴിലാളി പ്രക്ഷോഭമോ കാരണം തടസപ്പെട്ടിട്ടില്ലെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

കേരളത്തിലെ സർവകലാശാലകളും വിദ്യാഭ്യാസ രീതികളും സാങ്കേതിക മാറ്റങ്ങളെ ഉൾക്കൊള്ളുന്നവയാണ്. കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ പോലെയുള്ള നവീനാശയങ്ങളിലൂടെ വിദ്യാഭ്യാസത്തിനിടെ തന്നെ പണം നേടുന്നതിനും ഇൻറേൺഷിപ്പും തൊഴിൽ നൈപുണ്യവും നേടുന്നതിനും സാധിക്കും. ഉയർന്ന വൈദഗ്ധ്യമുള്ള തൊഴിൽശക്തി രൂപപ്പെടുത്തേണ്ടതിൻറെ ആവശ്യകത സംബന്ധിച്ചുള്ള നൂതനമായ വിദ്യാഭ്യാസ ആശയങ്ങളുടെ പ്രതിഫലനമാണിത്. പ്രതിരോധ, എയ്റോസ്പേസ് മേഖലകളിലെ സംസ്ഥാനത്തിൻറെ മികച്ച നയങ്ങളും മികവാർന്ന അടിസ്ഥാന സൗകര്യങ്ങളും ഈ മേഖലയിൽ കേരളത്തെ രാജ്യത്തിൻറെ മുൻനിരയിൽ എത്തിച്ചതായി മന്ത്രി ചൂണ്ടിക്കാട്ടി.അടുത്തവർഷം ആദ്യത്തോടെ കൊച്ചിയിൽ നടക്കാനിരിക്കുന്ന ആഗോള നിക്ഷേപക സംഗമത്തിന് മുന്നോടിയായി സംസ്ഥാന വ്യവസായ വകുപ്പ് സംഘടിപ്പിക്കുന്ന റോഡ് ഷോകളുടെ ഭാഗമായാണ് ബംഗളൂരുവിൽ ചടങ്ങ് സംഘടിപ്പിച്ചത്.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി എംഡി എസ് ഹരികിഷോർ, കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ്, കെഎൽഐപി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പ്രവീൺ കെ എസ്, സിഐഐ കേരള സ്റ്റേറ്റ് കൗൺസിൽ ചെയർമാൻ വിനോദ് മഞ്ഞില, സിഐഐ കർണാടക സ്റ്റേറ്റ് കൗൺസിൽ വൈസ് ചെയർമാൻ രബീന്ദ്ര ശ്രീകണ്ഠൻ എന്നിവർ പങ്കെടുത്തു.

എയ്റോസ്പേസ്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, പ്രതിരോധം, റോബോട്ടിക്സ്, ബയോടെക്നോളജി, ഇലക്ട്രിക് വാഹനങ്ങൾ, ഭക്ഷ്യ സംസ്കരണം, വിവര സാങ്കേതികവിദ്യ, ലോജിസ്റ്റിക്സ്, മാരിടൈം ബിസിനസ്, ഗവേഷണവും വികസനവും, കപ്പൽ നിർമ്മാണം, മാലിന്യ സംസ്കരണം, മെഡിക്കൽ ഉപകരണങ്ങൾ, പാക്കേജിംഗ്, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ തുടങ്ങിയ മേഖലകളിൽ നിക്ഷേപം ആകർഷിക്കുന്നതിനായി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന കേരള വ്യവസായ റോഡ് ഷോയുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്.

## ഇകെ.വൈ.സി അപ്ഡേഷൻ: ശനിയും ഞായറും റേഷൻ കടകൾ പ്രവർത്തിക്കും

ഇകെ.വൈ.സി അപ്ഡേഷന്റെ ഭാഗമായി ശനിയാഴ്ചയും (സെപ്റ്റംബർ 21) ഞായറാഴ്ചയും (സെപ്റ്റംബർ 22) സിറ്റി റേഷനിങ് ഓഫീസ് , സൗത്തിന്റെ പരിധിയിലുള്ള റേഷൻകടകൾ തുറന്നു പ്രവർത്തിക്കും. ഈ പരിധിയിൽ വരുന്ന എ.എ.വൈ, പി.എച്ച്.എച്ച് കാർഡുകളിലുൾപ്പെട്ട എല്ലാ അംഗങ്ങളും റേഷൻ കടകളിലെത്തി അപ്ഡേഷൻ നടത്തണമെന്ന് റേഷനിങ് ഓഫീസർ അറിയിച്ചു.

## ശുചീകരണ തൊഴിലാളികൾക്കായി അപകട ഇൻഷ്വറൻസ് പദ്ധതി

ശുചീകരണ തൊഴിലാളികൾക്കായി ദേശീയ സഫായി കരംചാരീസ് കമ്മീഷനും ഇന്ത്യ പോസ്റ്റ് ഡിപ്പാർട്ട്മെന്റും സംയുക്തമായി അന്ത്യോദയ ശ്രമിക് സുരക്ഷപ യോജന എന്ന പേരിൽ പത്ത് ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് പദ്ധതി ആരംഭിച്ചതായി ദേശീയ സഫായി കരംചാരീസ് കമ്മീഷൻ അംഗം ഡോ.പി.പി വാവ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് തൈക്കാട് സർക്കാർ ഗസ്റ്റ് ഹൗസിൽ ചേർന്ന കൗൺസിലർമാരുടെയും വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗത്തിന് ശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

499 രൂപയാണ് അന്ത്യോദയ ശ്രമിക് സുരക്ഷ യോജന ഇൻഷ്വറൻസ് പദ്ധതിയുടെ വാർഷിക പ്രീമിയം തുക. ദേശീയ സഫായി കരംചാരീസ് ഫിനാൻഷ്യൽ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി കാർഷികവ്യവസായസേവന മേഖലകളിൽ ശുചീകരണ തൊഴിലാളികൾക്കായി സ്വയം തൊഴിൽ പരിശീലന പദ്ധതികൾ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പാക്കുന്നുണ്ടെന്നും ഡോ.പി.പി വാവ പറഞ്ഞു.

ഇൻഷ്വറൻസ് പദ്ധതി സ്റ്റേറ്റ് നോഡൽ ഓഫീസർ അഡ്വ.ഗോപി കൊച്ചുരാമൻ, ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് ചീഫ് മാനേജർ എം.മുരുകേശൻ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## അട്ടക്കുളങ്ങര തിരുവല്ലം റോഡിൽ ഗതാഗത നിയന്ത്രണം

അട്ടക്കുളങ്ങരതിരുവല്ലം റോഡിൽ ബി.സി ടാറിങ് പ്രവൃത്തിയുടെ ഭാഗമായി സെപ്റ്റംബർ 24 വൈകിട്ട് ആറ് മുതൽ സെപ്റ്റംബർ 25 രാവിലെ എട്ട് മണി വരെ , ഈ റോഡിലൂടെയുള്ള ഗതാഗതം പൂർണമായി നിരോധിച്ചതായി പൊതുമരാമത്ത് റോഡുകൾ വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. ഗതാഗതത്തിനായി അട്ടക്കുളങ്ങര പടിഞ്ഞാറേക്കോട്ടഈഞ്ചക്കൽ ബൈപാസ് റോഡുകൾ ഉപയോഗിക്കണം.

## എആർഎം സിനിമയുടെ വ്യാജപതിപ്പ്: സൈബർ പോലീസ് അന്വേഷണം ആരംഭിച്ചു

കൊച്ചി: എആർഎം (അജയൻറെ രണ്ടാം മോഷണം) സിനിമയുടെ വ്യാജ പതിപ്പ് പുറത്തിറങ്ങിയ സംഭവത്തിൽ കൊച്ചി സൈബർ പോലീസ് അന്വേഷണം ആരംഭിച്ചു. വ്യാജപതിപ്പ് പുറത്തിറങ്ങിയതിനു പിന്നാലെ സിനിമയുടെ നിർമാതാക്കൾ ഡിജിപിക്കും സൈബർ പോലീസിനും പരാതി നൽകിയിരുന്നു. കേസിൽ സംവിധായകൻ ഉൾപ്പെടെയുള്ളവരുടെ മൊഴി പോലീസ് രേഖപ്പെടുത്തും.

സമാനരീതിയിൽ വ്യാജ പതിപ്പ് ചിത്രീകരിച്ച് പ്രചരിപ്പിച്ച സംഭവത്തിൽ രണ്ടു മാസം മുമ്പ് തമിഴ്നാട് സ്വദേശിയെ പിടികൂടിയിരുന്നു. തമിഴ് റോക്കേഴ്സ് എന്ന ടെലിഗ്രാം ഗ്രൂപ്പുമായി ചേർന്നാണ് ഇയാൾ പ്രവർത്തിച്ചിരുന്നതെന്നും കണ്ടെത്തിയിരുന്നു.

എആർഎം പതിപ്പ് പുറത്തിറങ്ങിയ സംഭവത്തിൽ ഇത്തരം സംഘങ്ങൾക്കുപങ്കുണ്ടോയെന്നു സൈബർ പോലീസ് അന്വേഷിക്കും. പരാതിയുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം ആരംഭിച്ചതായി പോലീസ് അറിയിച്ചു.സിനിമയുടെ വ്യാജ പതിപ്പ് പുറത്തിറങ്ങിയത് സംബന്ധിച്ച വിവരം സംവിധായകൻ ജിതിൻ ലാൽതന്നെയാണു പുറത്തുവിട്ടത്. ട്രെയിൻ യാത്രയ്ക്കിടെ ഒരാൾ മൊബൈലിൽ ചിത്രം കാണുന്ന വീഡിയോ 'ഹൃദയഭേദകമായ കാഴ്ച' എന്ന കുറിപ്പോടെ ജിതിൻ സമൂഹമാധ്യമങ്ങളിൽ പങ്കുവച്ചിരുന്നു.

വ്യാജപതിപ്പ് പുറത്തിറങ്ങിയതിനെതിരേ നിർമാതാവ് ലിസ്റ്റിൻ സ്റ്റീഫനും ചിത്രത്തിലെ പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ച നടൻ ടൊവിനോയും രംഗത്തെത്തിയിരുന്നു.

## രഞ്ജിത്തിനെതിരായ പീഡന പരാതി; ബംഗാളി നടിയുടെ മൊഴി രേഖപ്പെടുത്തി

കോൽക്കത്ത: സംവിധായകൻ രഞ്ജിത്തിനെതിരായ ലൈംഗീകാതിക്രമ പരാതിയിൽ ബംഗാളി നടി യുടെ മൊഴി രേഖപ്പെടുത്തി. കോൽക്കത്ത സെഷൻസ് കോടതിയിലാണ് നടി രഹസ്യ മൊഴി നൽകിയത്.

പാലേരി മാണിക്യം എന്ന സിനിമയിൽ അഭിനയിക്കാൻ എത്തിയപ്പോളാണ് തനിക്ക് ദുരനുഭവമുണ്ടായതെന്ന് നടി പറഞ്ഞിരുന്നു. കടവന്ത്രയിലെ പ്ലാറ്റിൽവച്ച് സംവിധായകൻ രഞ്ജിത്ത് മോശമായി പെരുമാറിയതായാണ് നടിയുടെ പരാതി.മോശം അനുഭവം നേരിട്ടതോടെ ഫ്ലാറ്റിൽനിന്ന് രക്ഷപ്പെടുകയായിരുന്നുവെന്നും നടി വ്യക്തമാക്കി. നടിയുടെ വെളിപ്പെടുത്തൽ വിവാദമായതോടെ സമൂഹമാധ്യമത്തിൽ നിന്ന് താൻ കുറച്ചു നാൾ വിട്ടു നിൽക്കുകയാണെന്ന് വ്യക്തമാക്കി ബംഗാളി നടി രംഗത്തെത്തിയിരുന്നു.

## വിദ്യാഭ്യാസ ആനുകൂല്യത്തിന് അപേക്ഷ ക്ഷണിച്ചു

കേരള തൊഴിലാളി ക്ഷേമനിധി ബോർഡിലെ വരിക്കാരായ തൊഴിലാളികളുടെ മക്കൾക്ക് ബോർഡിന്റെ വിദ്യാഭ്യാസ ആനുകൂല്യ പദ്ധതി പ്രകാരം 202425 അധ്യയനവർഷം വിദ്യാഭ്യാസ ആനുകൂല്യത്തിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. 202425 അധ്യയന വർഷത്തിൽ 8, 9, 10/ പ്ലസ് വൺ/ ബി.എ/ ബി.കോം/ ബി.എസ് സി/ എം.എ/ എം.കോം/ (പാരലൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർ അപേക്ഷിക്കേണ്ടതില്ല) എം.എസ്.ഡബ്ലിയു/ എം.എസ്സി/ ബി.എഡ്/ പ്രൊഫഷണൽ കോഴ്സുകളായ എൻജിനിയറിങ്/ എം.ബി.ബി.എസ്/ ബി.ഡി.എസ്/ ഫാം.ഡി/ ബി.എസ്സി നഴ്സിങ്/ പ്രൊഫഷണൽ പി.ജി കോഴ്സുകൾ/ പോളിടെക്നിക് ഡിപ്ലോമ/ റ്റി.റ്റി.സി/ ബി.ബി.എ/ ഡിപ്ലോമ ഇൻ നഴ്സിങ്/ പാരാ മെഡിക്കൽ കോഴ്സ്/ എം.സി.എ/ എം.ബി.എ/ പി.ജി.ഡി.സി.എ/ എൻജിനിയറിങ് (ലാറ്ററൽ എൻട്രി) അഗ്രിക്കൾച്ചറൽ/ വെറ്ററിനറി/ ഹോമിയോ/ ബി.ഫാം/ ആയുർവേദം/ എൽ.എൽ.ബി (3 വർഷം, 5 വർഷം) ബി.ബി.എം/ ഫിഷറീസ്/ ബി.സി.എ/ ബി.എൽ.ഐ.എസ്.സി/ എച്ച്.ഡി.സി ആൻഡ് ബി.എം/ ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ്മെന്റ്/ സി.എ. ഇൻ്റർമീഡിയറ്റ്/ മെഡിക്കൽ എൻജിനിയറിങ് എൻട്രൻസ് കോച്ചിങ് സിവിൽ സർവ്വീസ് കോച്ചിങ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനും എസ്.എസ്.എൽ.സി ക്യാഷ് അവാർഡിനും സെപ്റ്റംബർ 25 മുതൽ ഓൺലൈനായി അപേക്ഷിക്കാം. മുൻ അധ്യയന വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചിട്ടുള്ളവർ ആനുകൂല്യം പുതുക്കുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷകൻ ജോലി ചെയ്യുന്ന സ്ഥാപന ഉടമയുടെ സാക്ഷ്യപത്രം വിദ്യാർഥി പഠിക്കുന്ന സ്ഥാപനത്തിന്റെ മേലധികാരി നൽകുന്ന സാക്ഷ്യപത്രം എന്നിവയുടെ മാതൃക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് സാക്ഷ്യപ്പെടുത്തിയ ശേഷം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ നവംബർ 25 ന് മുമ്പ് ०००.ഹമയീൗൃംലഹളമൃല ഊീ.ശി മുഖേന ഓൺലൈനായാണ് സമർപ്പിക്കേണ്ടത്. ഓഫ്ലൈൻ അപേക്ഷകൾ സ്വീകരിക്കില്ല.

## ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവ്

തിരുവനന്തപുരം ചാക്ക ഗവൺമെന്റ് ഐ.ടി.ഐയിൽ ടെക്നീഷ്യൻ മെഡിക്കൽ ഇലക്ട്രോണിക്സ് (ടിഎംഇ) ട്രേഡിലേക്ക് നിലവിലുള്ള ഒരു ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവിലേക്ക് ഓപ്പൺ കാറ്റഗറിയിൽ (പി എസ് സി റൊട്ടേഷൻ ചാർട്ട് അനുസരിച്ച്) ഉൾപ്പെടുന്ന ഉദ്യോഗാർഥികൾക്കുള്ള ഇന്റർവ്യൂ സെപ്റ്റംബർ 23 ന് രാവിലെ 11 മണിക്ക് നടത്തും. എസ്.എസ്.എൽ.സി, ബന്ധപ്പെട്ട ട്രേഡിൽ എൻ.ടി.സിയും 3 വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ എൻഎസിയും ഒരു വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ ബന്ധപ്പെട്ട ട്രേഡിൽ എൻജിനീയറിങ് ഡിപ്ലോമ / ഡിഗ്രി എന്നിവയാണ് യോഗ്യത. താല്പര്യമുള്ള ഉദ്യോഗാർഥികൾ അന്നേ ദിവസം അസൽ സർട്ടിഫിക്കറ്റുമായി ചാക്ക ഗവ. ഐടിഐ പ്രിൻസിപ്പൽ മുമ്പാകെ ഇന്റർവ്യൂവിന് ഹാജരാകണം.

## ചൂരൽമല ദുരന്തത്തിൽ കുടുംബത്തെ നഷ്ടമായ ശ്രുതി ആശുപത്രി വിട്ടു

വയനാട്: ചൂരൽമല ദുരന്തത്തിൽ കുടുംബത്തെ നഷ്ടമായ ശ്രുതിയെ ആശുപത്രിയിൽനിന്ന് ഡിസ്ചാർജ് ചെയ്തു. എല്ലാവരോടും നന്ദിയുണ്ടെന്ന് ശ്രുതി പറഞ്ഞു. മുണ്ടേരിയിലെ വീട്ടിലേക്കാണ് താൻ പോകുന്നതെന്നും ഇനി ഇടയ്ക്ക് തുടർ ചികിത്സയ്ക്കായി ആശുപത്രിയിൽ വരണമെന്നും ശ്രുതി വ്യക്തമാക്കി.

ചികിത്സിച്ച ഡോക്ടർമാരോട് വളരെ നന്ദിയുണ്ട്. ആശുപത്രിയിലെ ജീവനക്കാർ നന്നായി പരിചരിച്ചതിനാലാണ് താൻ വേഗം സുഖംപ്രാപിച്ചതെന്നും ശ്രുതി പറഞ്ഞു.

ശ്രുതിക്ക് കൈത്താങ്ങായി കൂടെയുണ്ടാകുമെന്ന് ടി. സിദ്ദിഖ് എംഎൽഎ പറഞ്ഞു. തുടർന്നുള്ള ജീവിതത്തിലും ശ്രുതിക്കൊപ്പം എല്ലാവരും ഉണ്ടാകുമെന്ന് എംഎൽഎ അറിയിച്ചു.

ചൂരൽമല ദുരന്തത്തിൽ കുടുംബത്തിലെ എല്ലാവരെയും ശ്രുതിക്ക് നഷ്ടമായിരുന്നു. പിന്നീട് പ്രതിശ്രുത വരൻ ജെൻസനുമായി യാത്രചെയ്യുന്നതിനിടെ വാഹനാപകടം സംഭവിക്കുകയായിരുന്നു. തുടർന്ന് ചികിത്സയിലിരിക്കെ ജൻസനും ശ്രുതിയെ വിട്ട് പോയിരുന്നു.

## കൊച്ചിയിൽ സെക്സ് റാക്കറ്റ്; പെൺകുട്ടിയെ കൈമാറിയത് നിരവധി പേർക്ക്

കൊച്ചി: എറണാകുളം എളമക്കരയിൽ സെക്സ് റാക്കറ്റ്. ഇതുമായി ബന്ധപ്പെട്ട് മൂന്നു പേരെ പോലീസ് കസ്റ്റഡിയിലെടുത്തു. ജഗത, സെറീന, സഹായി ശ്യാം എന്നിവരാണ് പിടിയിലായ മൂന്നു പേർ.

സംഘം കഴിഞ്ഞ എട്ടു വർഷത്തിനിടെ പെൺകുട്ടിയെ പലർക്കും കാഴ്ച വച്ചതായാണ് വിവരം. ബംഗ്ലാദേശ് സ്വദേശിനിയായ 12 കാരിയെയാണ് ഇവർ വലയിലാക്കിയത്. പെൺകുട്ടിയെ വലയിലാക്കിയത് ശ്യാം ആണ്. തുടർന്ന് കുട്ടിയെ ശ്യാം പലർക്കും കാഴ്ചവെച്ചു. ഒരു ദിവസം ഏഴുപേർ വരെ തൻറെയടുത്ത് എത്തിയിരുന്നതായി പെൺകുട്ടി പോലീസിനോട് പറഞ്ഞതായാണ് വിവരം.

വലയിലാക്കിയ പെൺകുട്ടിയെ ബംഗളൂരുവിലേക്ക് കൈമാറി. പിന്നീട് അവിടെ നിന്ന് കഴിഞ്ഞയാഴ്ച കൊച്ചിയിലെത്തിച്ചു. ഇവിടെ 20 പേർക്ക് പെൺകുട്ടിയെ കാഴ്ചവച്ചതായാണ് വിവരം.

ബംഗളൂരുവിലെ റാക്കറ്റിൻറെ കാര്യങ്ങൾ നിയന്ത്രിച്ചിരുന്നത് സെറീനയും കൊച്ചിയിലെ കാര്യങ്ങൾ നോക്കിയിരുന്നത് ജഗത എന്ന സ്ത്രീയുമാണ്.